# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/167/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 30/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/167/2023 തീയ്യതി: 30/03/2023

## കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജിതേന്ദ്രൻ എ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 06-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക് പി - ഓഡിറ്റ് ഓഫീസർ
ജെന കുര്യാക്കോസ് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബാബു എം - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുഞ്ഞികൃഷ്ണൻ കെ സി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അരുൺദേവ് വി ആർ - സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.ഗോപാലകൃഷ്ണ കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| കെ ഗോപാല | സെക്രട്ടറി | 01-04-2021 | 30-06-2021 |
| അനീഷ പി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 22-07-2021 |
| പ്രേമലത കെ | സെക്രട്ടറി | 23-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബേബി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-05-2021 |
| അനീഷ പി വി | അസിസ്റ്റന്റ് സെക്രട്ടറി (I/C) | 01-06-2021 | 26-07-2021 |
| സതീശ കെ | അസിസ്റ്റന്റ് സെക്രട്ടറി (I/C) | 27-07-2021 | 23-08-2021 |
| അപർണ്ണ കെ എ | അസിസ്റ്റന്റ് സെക്രട്ടറി | 24-08-2021 | 31-03-2022 |
| സതീശൻ എം കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-08-2021 |
| ജയരാജൻ ബി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-09-2021 | 31-03-2022 |
| ഹുസൈൻ പി പി | കൃഷി ഓഫീസർ | 01-04-2021 | 04-10-2021 |
| ഗിരീഷ് ബി | കൃഷി ഓഫീസർ | 04-10-2021 | 20-12-2021 |
| വിനീത് പി വി | കൃഷി ഓഫീസർ | 20-12-2021 | 31-03-2022 |
| ശ്രീവീൺ എൻ | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഷിബില നർഗീസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ജയരാജൻ എം കെ | പ്രധാനാധ്യാപകൻ | 01-04-2021 | 31-03-2022 |
| ശാന്തകുമാരി ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-കാറഡുക്ക സർക്കിൾ | 01-04-2021 | 27-12-2021 |
| സീനിയ പി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -കാറഡുക്ക സർക്കിൾ | 28-12-2021 | 31-03-2022 |
| സീനിയ പി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -ആദൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| അഭിജിത എം | ഐ.സി.ഡി.എസ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ബിനുമോൻ എം | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| അനിൽകുമാർ എ ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| അന്ന സിക്സ്റ്റസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |

,

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ. | 1-2 |
| 3 | ഡെപ്പോസിറ്റ് ഇനത്തിലെ തുക ക്രമീകരിച്ചിട്ടില്ല. | 1-2-1 |
| 4 | ദുരിതാശ്വാസ നിധിയിനത്തിൽ ലഭിച്ച തുക ബന്ധപ്പെട്ട അക്കൗണ്ടിൽ വരവു വച്ചിട്ടില്ല. | 1-2-2 |
| 5 | അഡ്വാൻസ് ഇനത്തിലെ തുക നാളിതുവരേയും ക്രമീകരിച്ചിട്ടില്ല. | 1-2-3 |
| 6 | മറ്റ് ലൈബിലിറ്റി തുക വർഷങ്ങളായി ബാധ്യതയായി നിലനിൽക്കുന്നു | 1-2-4 |
| 7 | എൻ.ആർ.ഇ.ജി.എസ് ചെലവ് - രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-2-5 |
| 8 | കാട്ടാന ശല്യം തടയൽ പദ്ധതിക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-2-6 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ക്യാൻസൽ രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിട്ടില്ല. | 1-10 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക - 33,964/-രൂപ ഈടാക്കിയിട്ടില്ല | 1-11 |
| 18 | റേഷൻ കടകളിൽ നിന്നും FTE&OSലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. | 1-12 |
| 19 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമാക്കിയിട്ടില്ല. | 1-13 |
| 20 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-14 |
| 21 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 22 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-16 |
| 23 | ഒരു കുടുംബത്തിന് ഒരു തുണിസഞ്ചി പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 1-17 |
| 24 | ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു. | 1-18 |

| | | |
|---|---|---|
| 25 | പ്രൊജക്റ്റ് നമ്പർ SOO34/22 പട്ടികജാതി വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതി അപാകതകൾ. | 1-19 |
| 26 | തെരുവ് നായ നിയന്ത്രണ പരിപാടി ഗ്രാമ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്നില്ല | 1-20 |
| 27 | ആശ്രയപദ്ധതി- നിഷ്ക്രിയമായി സ്ഥിതിചെയ്യുന്നത് 32.41 ലക്ഷം രൂപ. | 1-21 |
| 28 | ഡയാലിസിസ് യൂണിറ്റിന് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-22 |
| 29 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിട്ടില്ല. | 1-23 |
| 30 | വീട് നിർമ്മാണം (എസ്.ടി) പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 31 | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി -തുക മുൻകൂർ നൽകിയിട്ടും കമ്പ്യൂട്ടർ സ്ഥാപനം സപ്ലൈ ചെയ്യാത്തതിനാൽ റീഫണ്ട് ചെയ്ത തുക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച്. | 1-25 |
| 32 | കാട്ടാന ശല്യം തടയൽ പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ.- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-26 |
| 33 | ന്യൂട്രിമിക്സ് സാമ്പിളുകൾ, ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസം . | 1-27 |
| 34 | സുഭിക്ഷകേരളം - തരിശ് നെൽകൃഷി (189/22)പദ്ധതി | 1-28 |
| 35 | ഗുണഭോക്താക്കൾക്ക് സബ്സിഡി തുക ലഭ്യമാകാത്തതും പദ്ധതി ചെലവ് അധികമായി രേഖപ്പെടുത്തപ്പെട്ടതും | 1-29 |
| 36 | പശുവിതരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പശുവിതരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 17.02.2021 | 3/3 02.03.2022 |
| മുന്നിരിപ്പ് | 76,78,812 | 1,80,93,849 |
| വരവ് | 18,79,81,460 | 18,79,81,460 |
| ആകെ | 19,56,60,272 | 20,60,75,309 |
| ചെലവ് | 18,65,58,560 | 18,75,58,560 |
| നീക്കിയിരിപ്പ് | 91,01,712 | 1,85,16,749 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ഡെപ്പോസിറ്റ് ഇനത്തിലെ തുക ക്രമീകരിച്ചിട്ടില്ല.

ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ പ്രകാരം കെ.എസ്.ഇ.ബി ക്കു ഡെപ്പോസിറ്റ് നൽകിയ ഇനത്തിൽ 45200/- രൂപ 2017-18 സാമ്പത്തിക വർഷം മുതൽ നിലനിൽക്കുന്നു. ഈ തുക ഏതെല്ലാം ആവശ്യത്തിനു നൽകിയിട്ടുള്ളതാണെന്നും തുക നാളിതുവരെ ക്രമീകരിക്കാത്തതിനുമുള്ള വിശദീകരണവും ബന്ധപ്പെട്ട രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/9.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് ഇനത്തിലെ തുകയുടെ വിശദാംശം നാളിതുവരെ ക്രമീകരിക്കാത്തതിനുള്ള കാരണം എന്നിവ ലഭ്യമാക്കേണ്ടതാണ്.

### 1-2-2 ദുരിതാശ്വാസ നിധിയിനത്തിൽ ലഭിച്ച തുക ബന്ധപ്പെട്ട അക്കൗണ്ടിൽ വരവു വച്ചിട്ടില്ല.

2003 - ലെ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ ചട്ടം 3(4) പ്രകാരം നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണ ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് സൂക്ഷിച്ച് പോരേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിലെ ബി-2, ആർ.പി-28 എന്നീ ഷെഡ്യൂളുകൾ പ്രകാരം " ഡിസ്ട്രസ് റിലീഫ് ഫണ്ട് " ഇനത്തിൽ 500/- രൂപ വരവായും നീക്കിയിരിപ്പായും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിനായി അക്കൗണ്ട് തുടങ്ങി തുക അതിൽ നിക്ഷേപിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/9.1.2023 ന് ദുരിതാശ്വാസ നിധിയുടെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി 28/7/2022 ൽ കേരള ഗ്രാമീൺ ബാങ്ക് മുള്ളേരിയ ശാഖയിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെന്നും (അക്കൗണ്ട് നമ്പർ 40596101088467) പഞ്ചായത്തിന്റെ തന്നെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള " ഡിസ്ട്രസ് റിലീഫ് ഫണ്ട് " ഇനത്തിൽ ലഭിച്ച 500/- രൂപ മേൽ അക്കൗണ്ടിലേക്ക് നിക്ഷപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

തുക അക്കൗണ്ടിൽ നിക്ഷേപിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-2-3 അഡ്വാൻസ് ഇനത്തിലെ തുക നാളിതുവരേയും ക്രമീകരിച്ചിട്ടില്ല.

ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ പ്രകാരം ചുവടെ പറയുന്ന ഇനങ്ങളിലെ തുക വർഷങ്ങളായി നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|
| 1 | 460500399 - മറ്റ് അംഗീകൃത ഏജൻസികൾക്ക നൽകിയ അഡ്വാൻസ് | 100000 | 100000 | 100000 | 100000 | 100000 | 100000 | 100000 |
| 2 | 460100199 - മറ്റ് അഡ്വാൻസുകൾ | - | 16600 (57213 - 40613) | 16600 | 16600 | 16600 | 16600 | 85200 (16600 +68600) |
| 3 | 460500501 - നിർവ്വഹണ ഉദ്യോഗസ്ഥർക്ക നൽകിയ അഡ്വാൻസ് | - | 95367 (1213642 - 1118275) | 387460 (95367 + 320153 - 28060) | 442420 (387460 + 54960) | 545566 (442420 + 298000 - 194854) | 563437 (545566 +316445 - 298574) | 788073 (563437 +300000 - 75364) |

മേൽ തുകകൾ ഏതെല്ലാം ആവശ്യത്തിനു നൽകിയിട്ടുള്ളതാണെന്നും തുക നാളിതുവരെ ക്രമീകരിക്കാത്തതിനുമുള്ള വിശദീകരണവും , അഡ്വാൻസ് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/9.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തുക നാളിതുവരെ ക്രമീകരിക്കാത്തതിനുള്ള വിശദീകരണവും , അഡ്വാൻസ് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-2-4 മറ്റ് ലൈബിലിറ്റി തുക വർഷങ്ങളായി ബാധ്യതയായി നിലനിൽക്കുന്നു

ബി-9 ഷെഡ്യൂൾ മറ്റ് ലൈബിലിറ്റിയിൽ ചുവടെ പറയുന്ന തുകകൾ നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|---|
| 1 | 350200202- റിക്കവറീസ് പേയബിൾ വാറ്റ് | 2480 | 2480 | 2480 | 2480 | 2480 | 2480 | 2480 | 2480 |
| 2 | 350200203 - കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ് | 286 | 286 | 286 | 286 | 286 | 286 | 286 | 30051 (286 + 29765) |

മേൽ തുകകൾ ഒടുക്കവരുത്താതെ വർഷങ്ങളായി നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/9.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുകകൾ ഒടുക്കവരുത്താതെ വർഷങ്ങളായി നിലനിൽക്കുന്നതിനുള്ള കാരണം തുടർ നടപടി വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-2-5 എൻ.ആർ.ഇ.ജി.എസ് ചെലവ് - രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

എൻ.ആർ.ഇ.ജി.എസിലെ ചെലവ് തുക രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| എൻ.ആർ.ഇ.ജി.എസ് | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| ആകെ ചെലവ് | 50886852 | 50885853 | 999 |

1-2-6 കാട്ടാന ശല്യം തടയൽ പദ്ധതിക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ കാട്ടാന ശല്യം തടയൽ പദ്ധതിക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിഹിതം നൽകിയ 5,50,000/-രൂപ (പ്രോജക്ട് നം. S0036/22) സുലേഖ പത്രികയിൽ ചെലവ് വന്നിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക, സുലേഖ എന്നിവയിൽ ഈ വ്യത്യാസം നിലനിൽക്കുന്നു. 2021-22 വർഷത്തിൽ നടപ്പിലാക്കിയ 5,50,000/-രൂപയുടെ ചെലവുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 2,38,92,047 |
| വരവ് | 7,38,61,184 |
| ആകെ | 9,77,53,231 |
| ചെലവ് | 7,79,79,036 |
| നീക്കിയിരിപ്പ് | 1,97,74,195 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2021-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 13439524 | 13439524 | 13350799 | 88725 | 99 |

| | | | | | | |
|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | |
| വികസന ഫണ്ട് എസ്.സി.പി. | 0 | 6047218 | 6047218 | 4991980 | 1055238 | 82 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1408199 | 1408199 | 1249086 | 159113 | 89 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 14919200 | 14919200 | 8000388 | 6918812 | 54 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6449373 | 6449373 | 4411228 | 2038145 | 68 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 9399000 | 9399000 | 4600855 | 4798145 | 49 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 4929660 | 4929660 | 4015112 | 914548 | 81 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 2855731/- (ജനറൽ) ,₹ 173216/- (എസ്.സി.പി.) ₹ 391586/- (ടി.എസ്.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10,495,068 | 10,495,068 | 10,495,068 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4,818,764 | 4,818,764 | 4,818,764 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 857,500 | 857,500 | 857,500 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4,411,228 | 4,411,228 | 4,411,228 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5101113 | 5101113 | 5100983 | 130 |
| എൻ.ആർ.ഇ.ജി.എ | 13863 | 651850 | 665713 | 665713 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 116126023 | 167 | 54967838 | - | 63 | 47.33 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 33 | 9566972 | 21 | 4676061 | 48.87 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 20 | 4664312 | 13 | 1981760 | 42.48 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 95 | 44044971 | 65 | 18240292 | 41.41 |
| 4 | കൃഷി ഓഫീസർ | 12 | 3400107 | 8 | 1348036 | 39.65 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 34 | 36881878 | 27 | 15849318 | 42.97 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5692349 | 8 | 5120760 | 89.96 |
| 7 | വെറ്റനറി സർജ്ജൻ | 6 | 2624274 | 6 | 1425193 | 54.30 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 4 | 1083489 | 4 | 1083263 | 99.98 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 6 | 2082771 | 5 | 1610950 | 77.35 |
| 10 | പ്രധാനാധ്യാപകൻ | 5 | 1675000 | 3 | 1474850 | 88.05 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 3 | 3518900 | 3 | 1938900 | 55 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 891000 | 4 | 218455 | 24.52 |
| | ആകെ | 230 | 116126023 | 167 | 54967838 | 47.33 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13863 | 651850 | 665713 | 665713 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 49942359 | 49942359 | 49942359 | 0 |
| ആകെ | 13863 | 50594209 | 50608072 | 50608072 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 1626 പദ്ധതികളുൾപ്പെടുന്ന 193514950/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 355 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 101637 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 416 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2308600 | 152 |
| വിധവാ പെൻഷൻ | 16233600 | 685 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 20041400 | 1484 |
| വികലാംഗപെൻഷൻ | 6057200 | 401 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 521600 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.01.2023 തീയ്യതിയിൽ 2.47 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 6,131 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 9 | പാർട്ട് ടൈം പൗണ്ട് കീപ്പർ | 1 |
| 10 | ഡ്രൈവർ | 1 |
| 11 | പാർട്ട് ടൈം ലൈബ്രേറിയൻ | 1 |

പാർട്ട് ടൈം പൗണ്ട് കീപ്പർ തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്.

15.09.2021 ലെ ഉത്തരവ് നം 21/22 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ പ്രധാനമായും ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ കൃത്യമായി നൽകേണ്ടതുണ്ട് .

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 35 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട് പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെക്കൂടി പങ്കെടുപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-2022സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട് സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത് ഓരോ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറിലേക്കുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

സ്ഥാപനത്തിന്റെ ബഡ്ജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ കാര്യമായ അന്തരമുണ്ട്. വരവ് – ചെലവുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നതിനും കണക്കാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്.

മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ്, ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റും നിലവിലുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനും ശ്രദ്ധിക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്.

ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. വസ്തുനികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. മറ്റ് വരവിനങ്ങളായ തൊഴിൽ നികുതി , വാടക തുടങ്ങിയവ മാന്വൽ രജിസ്റ്ററുകളിലാണ് തയ്യാറാക്കുന്നത്. തൻവർഷം നികുതി പിരിവ് 100 % കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ് .

ഗ്രാമപഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-22 വർഷത്തിൽ ആകെ 8 തവണ യോഗം ചേർന്നിട്ടുണ്ട്. സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട് . ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കുന്നത് യഥാസമയം സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി ഈടാക്കി ഒടുക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ യും ഫയലുകളുടെയും സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിക്കുന്നുണ്ട് . ആയത് പൂർണ്ണമല്ല.

പഞ്ചായത്തിലെ വിവിധ ഫയലുകളുടെ കൈകാര്യവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്. ഫയലുകൾ പലതും പൂർണ്ണമല്ല. ബന്ധപ്പെട്ട രേഖകളും വിശദാംശങ്ങളും ഫയലിൽ ഉൾപ്പെടുന്നില്ല. ഫയലുകൾ കൃത്യതയോടെ തയ്യാറാക്കുന്നതിനും സൂക്ഷ്മമായി കൈകാര്യം ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പ്രത്യേകം ക്ഷണിച്ചു കൊള്ളുന്നു.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 ക്യാൻസൽ രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിട്ടില്ല.

ക്യാൻസൽ രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്ത ിട്ടില്ല.

രശീതികൾ ക്യാൻസൽ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ , രശീതികൾ ക്യാൻസൽ ചെയ്യുതിനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ താഴെ ചേർത്തിരിക്കുന്ന രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിട്ടില്ല.

| ക്രമ നമ്പർ | രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|---|
| 1 | 8835 | 13 |
| 2 | 8835 | 23 |

| | | |
|---|---|---|
| 3 | 8836 | 51 |
| 4 | 7639 | 99 |
| 5 | 8829 | 73 |
| 6 | 8832 | 25 |
| 7 | 7636 | |

അപാകത പരിഹരിക്കേണ്ടതാണ്.

1-11 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക - 33,964/-രൂപ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ പരിശോധിച്ചതിൽ 33,964/- രൂപ കുടിശ്ശികയുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | മുറിയുടെ നമ്പർ | കുടിശ്ശിക വാടക |
|---|---|---|---|
| 1 | അബ്ദുൾ അഷ്റഫ് കെ .എ. | 11/4 | 13,090 |
| 2. | മുഹമ്മദ് നാസിഫ്<br>മുഹമ്മദ് നൗഷാദ് | 11/8 | 20,874 |
| ആകെ | | 33,964 രൂപ | |

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 റേഷൻ കടകളിൽ നിന്നും FTE&OSലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

റേഷൻ കടകളിൽ നിന്നും FTE&OSലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.റേഷൻ കടകളെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ലൈസൻസ് ഫീസ് ഈടാക്കാത്തത് പഞ്ചായത്തിന്റെ വരുമാനത്തിലുള്ള കുറവിന് കാരണമാകുന്നു.

ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നവെന്ന് ഉറപ്പ് വരുത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

പഞ്ചായത്തിലെ റേഷൻ കടകൾ

| ക്രമ നമ്പർ | റേഷൻ ഷോപ്പ് സ്ഥിതി ചെയ്യുന്ന സ്ഥലം | ബന്ധപ്പെട്ട വ്യക്തികൾ |
|---|---|---|
| 1 | മുള്ളേരിയ | സതീശൻ |
| 2 | കർമ്മംതൊടി | രമേശൻ |
| 3 | ഗാന്ധി നഗർ | മോഹനൻ |
| 4 | ആദൂർ | സുബ്രഹ്മണ്യൻ |
| 5 | കുണ്ടാർ | വനജ |

മേൽ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ കാസറഗോഡ് സബ് ട്രഷറി അക്കൗണ്ട് (720021400000021 ) റീക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം ചുവടെ പറയുന്ന ചെക്ക് പ്രകാരമുള്ള തുക നാളിതുവരെ വരവ് വന്നിട്ടില്ല

| ക്രമ നമ്പർ | വൗച്ചർ നം, തീയതി | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| 1 | 11603500007, 23-09-2016 | 7351985, 23-09-2016 | 20,000 |
| 2 | 31600196, 25-10-2016 | 116035, 07-09-2016 | 1,850 |
| ആകെ | | | 21850/- |

ചെക്ക്/ഡി.ഡി എന്നിവ ലഭിക്കുമ്പോൾ പണമാക്കുന്നതിനു വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതുമാണ്. മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും രസീത് റദ്ദാക്കിയ വിവരം ചെക്ക് നൽകിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതുമാണ്.

മേൽ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മേൽ തുകകൾ നാളിതുവരെ ലഭ്യമാകാത്തതിനുള്ള വിശദീകരണവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/9.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ തുക സംബന്ധിച്ച വിസദാംശം തുടർനടപടിവിവരങ്ങൽ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 7/3/2017 | 11603105041 | 11/432 | 258 |

| | | | | |
|---|---|---|---|---|
| 2 | 15/3/2017 | 11603105403 | 15/324 | 346 |
| 3 | 25/3/2017 | 11603105761 | 3/361E | 1545 |
| 4 | 30/3/2017 | 11603106047 | 3/200 | 477 |
| 5 | 11/12/2017 | 117030103065 | 14/88 | 158 |
| 6 | 23/12/2017 | 117030103317 | 2/223A | 555 |
| 7 | 17/7/2018 | 118030101752 | 3/629 | 1134 |
| 8 | 1/3/2019 | 118030105013 | 13/313 | 75 |
| 9 | 31/3/2019 | 118030106308 | 2/20 | 51 |
| 10 | 31/3/2019 | 118030106327 | 2/133 | 11 |
| 11 | 31/3/2019 | 118030106348 | 2/234 | 82 |
| 12 | 19/3/2020 | 119030106823 | 11/352 | 55 |
| 13 | 19/3/2020 | 119030106836 | 10/216 | 227 |
| 14 | 9/6/2020 | 120030100487 | 15/381 | 80 |
| 15 | 7/7/2020 | 120030101209 | 4/325 | 202 |
| 16 | 12/11/2020 | 120030103102 | 3/399 | 1823 |
| 17 | 22/1/2021 | 120030104076 | 6/299 | 201 |
| 18 | 6/2/2021 | 120030104310 | 7/158 | 360 |
| 19 | 24/2/2021 | 120030104756 | 4/30 | 364 |
| 20 | 8/3/2021 | 120030105401 | 3/55B | 120 |
| ആകെ | | | | 8124 |

ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/9.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനുള്ള വിശദീകരണം തുടർനടപടി വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-15 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

ചുവടെ പറയുന്ന മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ബിൽഡിംഗ് ഐ.ഡി | ഡോർ നമ്പർ | ഓണറുടെ പേര് | വിലാസം |
|---|---|---|---|
| 51189010005340 | 4/18/ | Dish Net Wireless Ltd Aircel | R R Arcade, N H Bypass |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ നികുതി |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 8136.00 | 407.00 | 8543.00 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |

| | | | | | |
|---|---|---|---|---|---|
| 4 | 2014 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 9 | 2017 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 10 | 2017 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 11 | 2018 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 12 | 2018 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 13 | 2019 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 14 | 2019 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 15 | 2020 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 16 | 2020 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 17 | 2021 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 18 | 2021 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 19 | 2022 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 20 | 2022 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| ആകെ | | | 179136 | 8957 | 188093 |

മേൽ തുക ഈടാക്കാത്തതിനുള്ള കാരണം തുടർനടപടി വിവരം എന്നിവ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/9.1.2023 ന് മേൽ മൊബൈൽ ടവർ നിലവിൽ പ്രവർത്തനമില്ലാത്തതാണെന്നും 2013 -14 മുതൽ 2021-22 വരെയുള്ള കുടിശ്ശിക തുകയായ 169193/- രൂപ പലിശയുൾപ്പെടെ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ (നമ്പർ 2022/1042/14, 31.3.2022) ആരംഭിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കാറഡുക്ക ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(1)പഞ്ചായത്തിലെ റേഷൻ കടകൾ (2021-22 ഒന്നും രണ്ടും അർധ വർഷം)

| ക്രമ നമ്പർ | റേഷൻ ഷോപ്പ് സ്ഥിതി ചെയ്യുന്ന സ്ഥലം | ബന്ധപ്പെട്ട വ്യക്തികൾ |
|---|---|---|
| 1 | മുള്ളേരിയ | സതീശൻ |
| 2 | കർമ്മംതൊടി | രമേശൻ |
| 3 | ഗാന്ധി നഗർ | മോഹനൻ |
| 4 | ആദൂർ | സുബ്രഹ്മണ്യൻ |
| 5 | കുണ്ടാർ | വനജ |

മേൽ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(2) ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ (2021-22 ഒന്നും രണ്ടും അർധ വർഷം)

(1)ക്ഷീരോൽപാദക സഹകരണ സംഘം - കാറഡുക്ക

(2)ക്ഷീരോൽപാദക സഹകരണ സംഘം -മുള്ളേരിയ

മേൽ ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(3) പ്രേമ പെട്രോൾ പമ്പ് ,മുള്ളേരിയ

2021-22 ഒന്നും രണ്ടും അർധ വർഷം സ്ഥാപന തൊഴിൽ നികുതി

2021-22 ഒന്നും രണ്ടും അർധ വർഷം തൊഴിൽ നികുതി

(4) മനോഹർ ഡെന്റൽ ക്ലിനിക് ,മുള്ളേരിയ

2021-22 ഒന്നും രണ്ടും അർധ വർഷത്തെ തൊഴിൽനികുതി നിർണ്ണയിക്കുന്നതിനാവസ്യമായ ശമ്പള വിവരങ്ങൾ പത്രികയിൽ ഉൾപ്പെടുത്തിട്ടില്ല. ശമ്പള വിവരങ്ങൾ പരിശോധിച്ച് തൊഴിൽ നികുതി ഉറപ്പുവരുത്തി വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിനമ്പർ:27/202122തിയ്യതി:13.01.2023)

1-17 ഒരു കുടുംബത്തിന് ഒരു ഉണിസഞ്ചി പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 166 - ഒരു കുടുംബത്തിന് ഒരു ഉണിസഞ്ചി വിതരണം |

| | |
|---|---|
| അടങ്കൽ തുക | തനത് ഫണ്ട് - 150000/-<br>ഗുണഭോക്തൃ വിഹിതം - 60000/- |
| ചെലവ് | റിക്വസിഷൻ നമ്പർ: 5118900901210060; തീയതി: 25/11/2021; തുക: 32870 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |

1) മേൽ പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഗുണഭോക്തൃ വിഹിതമായി 10 രൂപ ഈടാക്കി ഒരു തുണിസഞ്ചി വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതിക്ക് 22"x18" അളവിൽ 20 കിലോഗ്രാം വരെ ഭാരം താങ്ങാവുന്ന തരത്തിലുള്ള തുണിസഞ്ചി നിർമ്മിച്ച് നൽകുവാൻ താൽപര്യമുള്ള കുടുംബശ്രീ ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ സ്വീകരിച്ചു. ഒരു സഞ്ചിക്ക് 60/- രൂപ തോതിൽ ചെയ്തു നൽകാൻ താൽപര്യപ്പെട്ട ശ്രീശക്തി കുടുംബശ്രീക്ക് ക്ലോത്ത് ബാഗ് നിർമ്മിക്കുവാൻ അനുമതി നൽകുകയും, ഇത് പ്രകാരം 3,60,000/- രൂപയ്ക്ക് 6000 തുണിസഞ്ചികൾ ലഭ്യമാക്കുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷം പ്രോജക്റ്റ് നമ്പർ 215 പ്രകാരം തനത് ഫണ്ടിൽ നിന്നും 3,00,000/- ലക്ഷം രൂപ ശ്രീശക്തി കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ- 150121201020119) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട് എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 6000 കുടുംബങ്ങളിൽ നിന്ന് 60000/- രൂപ (6000 X 10) ലഭിക്കുന്നതിനു പകരം ചുവടെ പറയും പ്രകാരം 3287 പേരിൽ നിന്നും 32,870/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | രസീത് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 120030102375 | 29/9/2020 | 1440/- |
| 2 | 1210100539/G140204 | 23/10/2021 | 28930/- |
| 3 | 1210100545/G140204 | 25/10/2021 | 2500/- |
| ആകെ | | | 32,870/- |

മേൽ പ്രകാരം 6,000 തുണിസഞ്ചികൾ ലഭ്യമായതിൽ 3,287 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 2,713 തുണിസഞ്ചികൾക്കുള്ള ഗുണഭോക്തൃ വിഹിതമായ 27,130/- രൂപ ലഭ്യമായിട്ടില്ല. കൂടാതെ 2,713 തുണിസഞ്ചികൾ വിതരണം ചെയ്യാതെ ശേഷിക്കുകയും ചെയ്യുന്നു.

2) പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 50/- രൂപ വീതം 6000 തുണിസഞ്ചികൾക്ക് 3,00,000/- രൂപയും (6000 X 50) ഗുണഭോക്തൃ വിഹിതമായി 10/- രൂപ വീതം 6,000 തുണിസഞ്ചികൾക്ക് 60,000/- രൂപയുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ലഭ്യമാക്കാതെ തനത് ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിരിക്കുന്നു.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/13.1.2023 ന് ബാക്കി തുണിസഞ്ചികൾ വിതരണം ചെയ്ത് ഗുണഭോക്തൃവിഹിതം ഈടാക്കി പ്രസ്തുതയൂണിറ്റിന് കൈമാറി വിവരം അറിയിക്കുന്നതാണെന്നാണ് മറുപടി ലഭ്യമായിട്ടുള്ളത്.

വിതരണം ചെയ്യാതെ അവശേഷിക്കുന്ന 2713 തുണിസഞ്ചികൾ ഗുണഭോക്തൃ വിഹിതം ഈടാക്കി വിതരണം ചെയ്ത് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-18 ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു.

1) 2021, 2022 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ

സംവിധാനം മുഖേന പരിശോധിച്ചതിൽ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിരിക്കുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | ബീഫാത്തിമ (വിധവ പെൻഷൻ) | 111890600265 | 7/11/2020 | 12/20 – 4/21 (1 X 1400 + 3 X 1500 + 1 X 1600) | 7,500 |
| 2 | ജലജാക്ഷി (വിധവ പെൻഷൻ) | 111890600711 | 6/4/2021 | 5/21 (1 X 1600) | 1,600 |
| 3 | പ്രേമലത (ഡിസബിലിറ്റി പെൻഷൻ) | 111890400453 | 19/4/2021 | 5/21 (1 X 1600) | 1,600 |
| 4 | ബീഫാത്തിമ.ഇ.എച്ച് (വാർദ്ധക്യകാല പെൻഷൻ) | 111890201758 | 20/4/2021 | 5/21 (1 X 1600) | 1,600 |
| 5 | പാണ്ഡുരംഗ പ്രഭു (വാർദ്ധക്യകാല പെൻഷൻ) | 111890200742 | 19/4/2021 | 5/21 (1 X 1600) | 1,600 |
| 6 | ഗോപാലൻ (കർഷകതൊഴിലാളി പെൻഷൻ) | 111890100284 | 2/5/2021 | 6/21 – 8/21 (3 X 1600) | 4,800 |
| 7 | ചന്തുനായർ.കെ (കർഷകതൊഴിലാളി പെൻഷൻ) | 111890100278 | 30/4/2021 | 5/21 – 8/21 (4 X 1600) | 6,400 |
| 8 | രത്നാവതി (വാർദ്ധക്യകാല പെൻഷൻ) | 111890201163 | 30/5/2021 | 6/21 (1 X 1600) | 1,600 |
| 9 | സി.എച്ച്.മുഹമ്മദ് മുസിലിയാർ (വാർദ്ധക്യകാല പെൻഷൻ) | 111890200848 | 26/6/2021 | 7/21 – 8/21 (2 X 1600) | 3,200 |
| 10 | ചന്ദ്രാവതി (വാർദ്ധക്യകാല പെൻഷൻ) | 111890200779 | 10/7/2021 | 8/21 (1 X 1600) | 1,600 |
| 11 | ഭാസ്കരൻ.ബി | 111890201685 | 18/7/2021 | 8/21 (1 X | 600 |

| | | | | | |
|---|---|---|---|---|---|
| | (വാർദ്ധക്യകാല പെൻഷൻ) | | | 600) | |
| 12 | അബ്ദുൾ റഹ്മാൻ (വാർദ്ധക്യകാല പെൻഷൻ) | 111890201012 | 18/7/2021 | 8/21 (1 X 1600) | 1,600 |
| 13 | സരോജിനി (കർഷകതൊഴിലാളി പെൻഷൻ) | 111890100209 | 20/7/2021 | 8/21 (1 X 1600) | 1,600 |
| 14 | കൃഷ്ണ നായ്ക്ക് (വാർദ്ധക്യകാല പെൻഷൻ) | 111890201231 | 19/7/2021 | 8/21 (1 X 1600) | 1,600 |
| 15 | യശോധ (വിധവ പെൻഷൻ) | 111890600498 | 27/7/2021 | 8/21 (1 X 1600) | 1,600 |
| 16 | ബി.കെ.അമ്പു (വാർദ്ധക്യകാല പെൻഷൻ) | 111890201287 | 21/7/2021 | 8/21 – 12/21 (5 X 1600) | 8,000 |
| 17 | കെ.എൻ.ബാലചന്ദ്ര നമ്പ്യാർ (വാർദ്ധക്യകാല പെൻഷൻ) | 111890201613 | 24/7/2021 | 8/21 – 11/22 (16 X 1600) | 25,600 |
| 18 | കൃഷ്ണൻ (വാർദ്ധക്യകാല പെൻഷൻ) | 111890201283 | 7/8/2021 | 9/21 – 12/21 (4 X 1600) | 6,400 |
| 19 | ഹസൈനാർ (വാർദ്ധക്യകാല പെൻഷൻ) | 111890201548 | 2/8/2021 | 9/21 – 11/22 (15 X 1600) | 24,000 |
| 20 | നാരായണ മണിയാണി (വാർദ്ധക്യകാല പെൻഷൻ) | 111890201430 | 9/8/2021 | 9/21 – 5/22 (9 X 1600) | 14,400 |
| 21 | രേവതി (കർഷകതൊഴിലാളി പെൻഷൻ) | 111890100100 | 24/8/2021 | 9/21 – 12/21 (4 X 1600) | 6,400 |
| 22 | കുഞ്ഞിമാഹിൻ കട്ടി (വാർദ്ധക്യകാല പെൻഷൻ) | 111890200951 | 18/9/2021 | 10/21 – 11/22 (14 X 1600) | 22,400 |
| 23 | സത്യഭാമ (വാർദ്ധക്യകാല | 111890200776 | 1/10/2021 | 11/21 – 5/22 (7 X 1600) | 11,200 |

| | | | | | |
|---|---|---|---|---|---|
| | പെൻഷൻ) | | | | |
| 24 | ശിവരാമ (വാർദ്ധക്യകാല പെൻഷൻ) | 111890200251 | 8/10/2021 | 11/21 – 11/22 (13 X 1600) | 20,800 |
| 25 | അശോകൻ (ഡിസബിലിറ്റി പെൻഷൻ) | 111890400338 | 19/10/2021 | 11/21 – 11/22 (13 X 1600) | 20,800 |
| 26 | സതീഷ (വാർദ്ധക്യകാല പെൻഷൻ) | 111890201562 | 5/8/2021 | 9/21 – 1/22 (5 X 1600) | 8,000 |
| 27 | കൃഷ്ണ ആചാരി (വാർദ്ധക്യകാല പെൻഷൻ) | 111890200566 | 14/11/2021 | 12/21 – 10/22 (11 X 600) | 6,600 |
| 28 | അബ്ദുള്ള (വാർദ്ധക്യകാല പെൻഷൻ) | 111890201309 | 25/11/2021 | 12/21 – 11/22 (12 X 1600) | 19,200 |
| 29 | ദേവകി (കർഷകതൊഴിലാളി പെൻഷൻ) | 111890100289 | 2/12/2021 | 1/22 – 11/22 (11 X 1600) | 17,600 |
| 30 | നാരായണി (വാർദ്ധക്യകാല പെൻഷൻ) | 111890201021 | 22/1/2022 | 2/22 (1 X 1600) | 1,600 |
| 31 | സീതു (വാർദ്ധക്യകാല പെൻഷൻ) | 111890200585 | 16/1/2022 | 2/22 (1 X 1600) | 1,600 |
| 32 | അങ്കാര (വാർദ്ധക്യകാല പെൻഷൻ) | 111890200699 | 22/3/2022 | 4/22 – 5/22 (2 X 1600) | 3,200 |
| | | | | ആകെ | 2,56,300 |

പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 2,56,300/- രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) ഗുണഭോക്താക്കളുടെ മരണ ശേഷം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തിരിക്കുന്നു.

2021, 2022 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു.

| ക്രമ നം | പേര്, ഇനം, സ്ഥാപനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|

| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | അബൂബക്കർ.സി.എച്ച് (ക്ഷേമനിധി ബോർഡ്) അഗ്രിക്കൾച്ചർ ഓഫീസ് | 2220252071 | 26/2/2021 | 3/21 – 11/22 (1 X 1500 + 20 X 1600 ) | 33,500 |
| 2 | ഇ.കെ.അസ്സൈനാർ (ക്ഷേമനിധി ബോർഡ്) അഗ്രിക്കൾച്ചർ ഓഫീസ് | 2220252230 | 28/2/2021 | 3/21 – 11/22 (1 X 1500 + 20 X 1600 ) | 33,500 |
| 3 | അബ്ദുൾ ഖാദർ (ക്ഷേമനിധി ബോർഡ്) അഗ്രിക്കൾച്ചർ ഓഫീസ് | 2220355217 | 17/5/2021 | 6/21 – 11/22 ( 18 X 1600 ) | 28,800 |
| 4 | ഗോപി (ക്ഷേമനിധി ബോർഡ്) അഗ്രിക്കൾച്ചർ ഓഫീസ് | 2220357063 | 1/2/2022 | 3/22 – 11/22 ( 9 X 1600 ) | 14,400 |
| 5 | എം.ലോഹിദാക്ഷൻ (ക്ഷേമനിധി ബോർഡ്) അഗ്രിക്കൾച്ചർ ഓഫീസ് | 2220371847 | 30/12/2021 | 1/22 – 2/22 ( 2 X 1600 ) | 3,200 |
| 6 | സുമതി.യു.കെ (ക്ഷേമനിധി ബോർഡ്) അഗ്രിക്കൾച്ചർ ഓഫീസ് | 2220354161 | 28/3/2022 | 4/22 –11/22 ( 8 X 1600 ) | 12,800 |
| 7 | മൊയ്തീൻ കുഞ്ഞി.പി.എം (ക്ഷേമനിധി ബോർഡ്) അഗ്രിക്കൾച്ചർ ഓഫീസ് | 2220252209 | 6/4/2022 | 5/22 –6/22 ( 2 X 1600 ) | 3,200 |

| | | | | | |
|---|---|---|---|---|---|
| 8 | കൊറപ്പാള (വിധവ പെൻഷൻ - ചെമ്മനാട് പഞ്ചായത്ത്) | 111920600314 | 21/10/2021 | 11/21 – 8/22 ( 10 X 1600 ) | 16,000 |
| 9 | ചന്തുനായർ (ക്ഷേമനിധി ബോർഡ്) അഗ്രിക്കൾച്ചർ ഓഫീസ് | 2220354197 | 21/5/2022 | 6/22 – 11/22 ( 6 X 1600 ) | 9,600 |
| | | | | ആകെ | 1,55,000 |

ഇത്തരത്തിൽ പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനത്തിനു പുറത്തായി മരണ രജിസ്ട്രേഷൻ ചെയ്യുന്നസാഹചര്യത്തിൽ ആയത് സ്ഥാപനത്തിൽ അറിയാതെ പോകുന്നതിനാൽ മരണശേഷവും പെൻഷൻ വിതരണം നടന്നുവരുന്നു. മേൽ സ്ഥാപനങ്ങൾക്ക് വിവരം അറിയിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

1-19 പ്രൊജക്ട് നമ്പർ S0034/22 പട്ടികജാതി വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതി അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | S0034/22 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടി, കാറഡുക്ക ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 4,35,000/-വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് തുക | 1,79,460/-രൂപ, വികസന ഫണ്ട് (എസ്.സി.പി) |
| ബിൽ റഫറൻസ് നമ്പർ, തീയതി | 212002520185013 65371/ 18.03.2022 Rs.1,79,460/- |

ഗ്രാമപഞ്ചായത്തിന്റെ 2021-22ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ (പട്ടിക ജാതി വിഭാഗം) എന്ന പദ്ധതിക്കായി പ്രോജക്ട് നം.S0034/22 പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും മേൽ ബിൽ റഫറൻസ് പ്രകാരം 1,79,460/-രൂപ പിൻവലിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം അറുപത് വയസ്സ് കഴിഞ്ഞ 45 പട്ടികജാതി വിഭാഗം വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 07.12.2021 തീയ്യതിയിലെ 1/2 നമ്പർ തീരുമാന പ്രകാരം കട്ടിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചത്. ഗ്രാമ പഞ്ചായത്തിന്റെ 20.12.2021 ലെ AS/34/22 നമ്പർ കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകുകയും. ഇത് പ്രകാരം 45 കട്ടിലുകളാണ് വിതരണക്കാരൻ നൽകിയത്.

ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ 22.02.2022 തീയ്യതിയിലെ ഇൻവോയ്സ് നമ്പർ.NRO/SALES/584 പ്രകാരം ആകെ 23 കട്ടിലുകൾ വിതരണം ചെയ്യുകയും ഒരു കട്ടിലിന് 3,988/-രൂപ പ്രകാരം ആകെ1,79,460/-രൂപ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക (അക്കൗണ്ട് നം.080201005758) ട്രാൻസ്ഫർക്രെഡിറ്റ് നടത്തുകയും ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1) അറുപത് വയസ്സ് തികഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ വിതരണം നടത്തേണ്ടിയിരുന്നത്. എന്നാൽ അറുപത് വയസ്സ് തികയാത്ത 7 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതായി ഫയൽ പരിശോധനയിൽ കാണുകയുണ്ടായി. ആയതിന്റെ കാരണം വ്യക്തമല്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ (പ്രായം,ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ). അറുപത് വയസ്സ് തികയാത്ത 7 ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

I) ബാബു.കെ S/o അമ്പാടി, പാമ്പാടി ആദൂർ ഇദ്ദേഹത്തിന്റെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 57 (1965-ജനിച്ചവർഷം) (ആധാർ നം.946646467552)

Ii) സുശീല W/oബാബു.കെ, കൈത്തോട്, ആദൂർ ഇദ്ദേഹത്തിന്റെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 54 (1968-ജനിച്ചവർഷം) (ആധാർ നം.593118798432)

Iii) ലളിത W/o കുട്ടി(L) കൈത്തോട്, ആദൂർ ഇദ്ദേഹത്തിന്റെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 57 (1965-ജനിച്ചവർഷം) (ആധാർ നം.528973367173)

Iv) എെത്തപ്പ S/o മങ്കു, ചേഡിഗുണ്ടി ഹൗസ്, ആദൂർ ഇദ്ദേഹത്തിന്റെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 46 (1976-ജനിച്ചവർഷം) (ആധാർ നം.535050622048)

V) സുന്ദരൻ.പി.കെ S/o കൊറഗൻ, പയ്യനടുക്കം, കാറഡുക്ക ഇദ്ദേഹത്തിന്റെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 58 (1964-ജനിച്ചവർഷം) (ആധാർ നം.859212314897)

Vi) കമല W/oബൈരൻ,കല്ലങ്കോട്ട് ഹൗസ്, ആദൂർ ഇദ്ദേഹത്തിന്റെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 58 (1964-ജനിച്ചവർഷം) (ആധാർ നം.756399798493)

Vii) ദേവകി W/o കുഞ്ഞിരാമൻ, ബേർളം, കാറഡുക്ക ഇദ്ദേഹത്തിന്റെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 58 (1964-ജനിച്ചവർഷം) (ആധാർ നം.423972275471)
2) പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ചെനിയൻ W/o ബാബു, കൈത്തോട്, ആദൂർ എന്നയാളുടെ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) കട്ടിൽ കൈപ്പറ്റിയ 6 ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ് എന്നു തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017 /LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ (പ്രായം,ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

I)മാണിക്ക D/o കരിയ, പൈക്ക, മുള്ളേരിയ – വാർഡ് -3

Ii)എെത്തപ്പ S/o മങ്കു, ചേഡിഗുണ്ടി ഹൗസ്, ആദൂർ - വാർഡ് - 6

Iii) ചെനിയൻ എം S/o ചുക്രൻ , പയ്യനടുക്കം, കാറഡുക്ക -വാർഡ് - 14

Iv)കമല W/o അംഗാര , പിണ്ടിക്കൈ, മുള്ളേരിയ – വാർഡ് - 2

V) യമുന D/o മൈല , മുച്ചിലോട്, ആദൂർ - വാർഡ്- 4

Vi) കൃഷ്ണൻ .കെ S/o കോപ്പാള, അടുക്കം, മുള്ളേരിയ

4) പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

5) പദ്ധതിക്കായി തയ്യാറാക്കിയ എഗ്രിമെന്റിൽ കരാർ വ്യവസ്ഥകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

6) പദ്ധതിക്കുവേണ്ടി വാങ്ങിയ കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഗുണഭോക്താക്കൾ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7) പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.15/11.01.2023 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക1,79,460/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-20 തെരുവ് നായ നിയന്ത്രണ പരിപാടി ഗ്രാമ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | SO211/22 |
| പ്രോജക്ടിന്റെ പേര് | എബിസി പദ്ധതി- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,14,000/-രൂപ , തനത് ഫണ്ട് |
| ചെലവ് തുക | 1,14,000/-രൂപ , |
| ചെക്ക് നമ്പർ, തീയതി | 2901719, തീയ്യതി.25.03.2022, Rs.57,000/- |
| ചെക്ക് നമ്പർ, തീയതി | 2757295, തീയ്യതി.09.11.2021, Rs.57,000/- |

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, കാസർഗോഡ് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എബിസി പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമായി മേൽ ചെക്കുകൾ പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് 1,14,000/-രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നം. 79901310000006) ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, തുകയുടെ കൈപ്പറ്റ് രസീതിയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ് പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അതിനാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക1,14,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (11.01.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.16)

## 1-21 ആശ്രയപദ്ധതി- നിഷ്ക്രിയമായി സ്ഥിതിചെയ്യുന്നത് 32.41 ലക്ഷം രൂപ.

ആശ്രയ ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിനായി ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച 4,76,086.50/- രൂപയിൽ പലിശയുൾപ്പടെ 4,89,520.50/-രൂപ നിലവിൽ (31.03.2022) കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. അതുപോലെ 27,51,727.44/- രൂപ കുടുംബശ്രീ സി.ഡി.എസിന്റെ തനത് ഫണ്ട് അക്കൗണ്ടിലും വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ആദ്യഘട്ടപദ്ധതിയിൽ 95 ഗുണഭോക്താക്കളായിരുന്നു ഉൾപ്പെട്ടിരുന്നത്. എന്നാൽ പദ്ധതിയിൽ ലക്ഷ്യം വെച്ചിരുന്ന പല പ്രവർത്തനങ്ങളും പൂർത്തീകരിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശപ്രകാരമുള്ള (അനുബന്ധം 4) അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി 95 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 3,91,15,379 കോടി അടങ്കലുള്ള പദ്ധതിരേഖ തയ്യാറാക്കി

ഭരണസമിതി അംഗീകാരത്തോടെ കുടുംബശ്രീ മിഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ആശ്രയ പദ്ധതിയ്ക്കായി ലഭിച്ച് ചെലവഴിക്കാതെ സി.ഡി.എസ്. അക്കൗണ്ടിൽ സ്ഥിതി ചെയ്യുന്ന 4.89 ലക്ഷം രൂപ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാൻ സാധിക്കുമോയെന്ന കാര്യം സർക്കാരിനോട്/കുടുംബശ്രീ സംസ്ഥാന മിഷനോട് ആരായേണ്ടതും, അനുമതി ലഭ്യമാകുന്ന പക്ഷം പ്രസ്തുത തുക അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫലപ്രദമായി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 26 തീയ്യതി 13.01.2023)

## 1-22 ഡയാലിസിസ് യൂണിറ്റിന് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0208/22 |
| പ്രോജക്ടിന്റെ പേര് | ഡയാലിസിസ് യൂണിറ്റിന് ബ്ലോക്ക് വിഹിതം നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 5,00,000/-രൂപ ,തനത് ഫണ്ട് |
| ചെലവ് തുക | 1,45,000/-രൂപ |
| ചെക്ക് നമ്പർ, തീയതി | 2901721, തീയ്യതി. 26.03.2022 |

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് ഡയാലിസിസ് യൂണിറ്റിന് വിഹിതം നൽകൽ പദ്ധതി. പദ്ധതിയുടെ നിർവ്വഹണത്തിനായി ചെക്ക് നമ്പർ.2901721തീയ്യതി.26.03.2022 പ്രകാരം കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേക്ക് 1,45,000/-രൂപ നിക്ഷേപിച്ചു. (അക്കൗണ്ട് നം.799013100000187) ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, തുകയുടെ കൈപ്പറ്റ് രസീതിയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അതിനാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക1,45,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (11.01.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.18)

## 1-23 ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിട്ടില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നം. | S0193/22 | S0014/22 |
| പ്രോജക്ടിന്റെ പേര് | എെ.കെ.എം പ്രവർത്തന ഫണ്ട് പഞ്ചായത്ത് വിഹിതം | എെ.കെ.എം പ്രവർത്തന ഫണ്ട് പഞ്ചായത്ത് വിഹിതം |
| ബിൽ റഫറൻസ് നമ്പർ, തീയതി | 21200252001300325898/ തീയ്യതി.17.08.2021, Rs.78,153/- | 21200252001300325896/ തീയ്യതി.17.08.2021, Rs.66,440/- |

ആകെ = 1,44,593/-രൂപ

പ്രൊജക്റ്റ് നമ്പർ S0193/22, പ്രൊജക്റ്റ് നമ്പർ S0014/22 പ്രകാരം പഞ്ചായത്തുകളുടെ സോഫ്റ്റ് വെയറുകളുടെ ഉപയോഗത്തിന് സഹായിക്കുന്ന സപ്പോർട്ടിംഗ് ഏജൻസിയായ ഇൻഫർമേഷൻ കേരളാ മിഷന് 2021-22 വർഷത്തെ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി മേൽ ബിൽ റഫറൻസ് പ്രകാരം 1,44,593/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. (അക്കൗണ്ട് നം 57047023512). പ്രസ്തുത തുകയുടെ ചെലവുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അതിനാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക1,44,593/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (11.01.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.17)

1-24 വീട് നിർമ്മാണം (എസ്.ടി) പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 171, ലൈഫ് മിഷൻ ഫേസ് 3 വീട് നിർമ്മാണം (എസ്.ടി) |
| ബിൽ റഫറൻസ് നമ്പർ, തീയതി , തുക | 21200252018800370503, 3/9/2021, 80000/-<br>റിക്വസിഷൻ നമ്പർ 511890090121OO19, 3/9/2021, 120000/-<br>റിക്വസിഷൻ നമ്പർ 5118900901210070, 15/12/21, 100000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |

മേൽ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിനായി 6/9/2021 ൽ പഞ്ചായത്ത് വിഹിതമായ 40000/- രൂപയും കെ.യുയആർ.ഡി.എഫ്.സി ഇനത്തിൽ 28/9/2021 ൽ 120000/- രൂപയും 30/12/2021 ൽ 100000/- രൂപയും ശ്രീമതി ജയന്തി എന്ന ഗുണഭോക്താവിനു നൽകിയിട്ടുണ്ട്. മേൽ തുകകൾ ഉൾപ്പെടെ നാളിതുവരെ ചുവടെ പറയും പ്രകാരം ആകെ 300000/- രൂപ നൽകിയിട്ടുണ്ട്.

| തീയതി | ഗ്രാമപഞ്ചായത്ത് | കെ.യുയആർ.ഡി.എഫ്.സി |
|---|---|---|
| 16/3/2021 | 40000 | - |
| 6/9/2021 | 40000 | - |
| 28/9/2021 | - | 120000 |
| 30/12/2021 | - | 100000 |
| ആകെ | 80000/- | 220000 |

എന്നാൽ 30/12/2021 ന് ശേഷം നാളിതുവരെ പണി പൂർത്തിയാക്കുകയോ തുടർന്നുള്ള ഗഡു നൽകുകയോ ചെയ്തിട്ടില്ല.

ആയതിനുള്ള വിശദീകരണം തുടർ നടപടി വിവരം എന്നിവ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/12.1.2023 ന് പണി എത്രയും വേഗം പൂർത്തിയാക്കി അവസാന ഗഡു അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
പണിപൂർത്തിയാക്കി വിശദാംശം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-25 മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി -തുക മുൻകൂർ നൽകിയിട്ടും കമ്പ്യൂട്ടർ സ്ഥാപനം സപ്ലൈ ചെയ്യാത്തതിനാൽ റീഫണ്ട് ചെയ്ത് തുക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്റ്റ് നം. | S0010/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 50,000/- മെയിന്റനൻസ് ഫണ്ട് -റോഡിതരം |
| ചെലവ് തുക | 48,101/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 21200252011000564560/26.10.2021,Rs.48,101/- |

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി പ്രൊജക്ട് നമ്പർ.SOO10/22 പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്ന് 48,101/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 16.08.2021 ലെ 7/7 നമ്പർ തീരുമാന പ്രകാരം പ്രോജക്ട് നടപ്പിലാക്കുന്നതിന് വെറ്ററിനറി ഡോക്ടറെ ചുമതലപ്പെടുത്തി. ഈ പദ്ധതി പ്രകാരം കെൽട്രോൺ തിരുവനന്തപുരത്തിന്റെ 02.08.2021തിയ്യതിലെ TVM/ITBG/PI/RC/28495/20-21 നമ്പർ പെർഫോമ ഇൻവോയിസ് പ്രകാരം 1 ലാപ്പ്ടോപ്പുകൾ സ്ഥാപനത്തിന് ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് എെ.ടി മിഷന്റെ അക്കൗണ്ടിലേക്ക് തുക മുൻകൂറായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി.(അക്കൗണ്ട് നം.799011400003959).

സർക്കാർ സ്ഥാപനങ്ങളിൽ ഇലക്ട്രോണിക്സ് സാധനങ്ങൾ സർക്കാർ പോർട്ടൽ സംവിധാനമായ CPRCS യിൽ കൂടി മാത്രമെ വാങ്ങാവൂ എന്ന് IT Cell ന്റെ 21.10.2019 തിയ്യതിയിലെ നം.106/2019 സർക്കുലർ ഉണ്ട്. ആയത് പ്രകാരം മൃഗാശുപത്രിയിലേക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി CPRCS സൈറ്റ് വഴി പർച്ചേയ്സനുള്ള നടപടികൾ പൂർത്തീകരിക്കുകയും, കേരള സ്റ്റേറ്റ് എെ.ടി മിഷന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി 48,101/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. ലാപ്പ്ടോപ്പ് സ്ഥാപനം സപ്ലൈ ചെയ്യാത്തതിനാൽ തുക റീഫണ്ട് ചെയ്ത് തരുന്നതിനുവേണ്ടി 06.07.2022 ലെ 55/22 നമ്പർ കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയും, പേയ്മെന്റായി നൽകിയ 48,101/-രൂപ കാറഡുക്ക പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.40596101001909-കേരള ഗ്രാമീൺ ബാങ്ക് മുള്ളേരിയ ബ്രാഞ്ച് )റീഫണ്ട് ചെയ്ത് തരുവാൻ അപേക്ഷിക്കുകയുണ്ടായി. ആയതനുസരിച്ച് തുക 31.03.2022 ന് കാറഡുക്ക പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയുണ്ടായി. ഈ തുക ഇപ്പോഴും കാറഡുക്ക പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത തുക ബന്ധപ്പെട്ട കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 22 തീയ്യതി 12.01.2023)

1-26 കാട്ടാന ശല്യം തടയൽ പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ.- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | SOO36/22 |
| പ്രോജക്ടിന്റെ പേര് | കാട്ടാന ശല്യം തടയൽ പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 5,50,000/-രൂപ , തനത് ഫണ്ട് |
| ചെലവ് തുക | 5,50,000/-രൂപ |
| ചെക്ക് നമ്പർ, തീയതി | 2901722, തീയ്യതി.23.03.2022, Rs.5,50,000/- |

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് റേഞ്ചിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്ന വനമേഖലയ്ക്ക് പുറത്തുള്ള ജനവാസകേന്ദ്രങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കാട്ടാന ശല്യം പരിഹരിക്കുന്നതിനുവേണ്ടി കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെയും മുളിയാർ, കാറഡുക്ക, ദേലംപാടി, കുറ്റിക്കോൽ, ബേഡഡുക്ക ഗ്രാമ പഞ്ചാത്തുകളുടെയും, വനം-വന്യ ജീവി വകുപ്പ് കാസർഗോഡ് വനം ഡിവിഷന്റെയും സംയോജിത പദ്ധതിയായ കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP-21) സൗരോർജ്ജ തൂക്കുവേലിയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും

വിജയകരമായി നടപ്പിലാക്കുന്നതിന് കാറഡുക്ക ഗ്രാമ പഞ്ചായത്തിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾക്കായി 5,50,000/-രൂപ പദ്ധതി വിഹിതമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ (KERALA FOREST DEVELOPMENT AGENCY)അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നം. 01692201000167) ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, തുകയുടെ കൈപ്പറ്റ് രസീതിയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ കാട്ടാന ശല്യം തടയൽ പദ്ധതിക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിഹിതം നൽകിയ 5,50,000/-രൂപ (പ്രോജക്ട് നം. S0036/22)സുലേഖ പത്രികയിൽ ചെലവ് വന്നിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക, സുലേഖ എന്നിവയിൽ ഈ വ്യത്യാസം നിലനിൽക്കുന്നു. 2021-22 വർഷത്തിൽ നടപ്പിലാക്കിയ 5,50,000/-രൂപയുടെ ചെലവുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അതിനാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക5,50,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (12.01.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.23)

## 1-27 ന്യൂട്രിമിക്സ് സാമ്പിളുകൾ, ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസം .

ന്യൂട്രിമിക്സ് സാമ്പിളുകൾ, ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസം .

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പദ്ധതി നമ്പർ /പദ്ധതി:07/2021-22-അംഗൻവാടി പോഷകാഹാരം

അംഗൻവാടി പോഷകാഹാരം

കാറഡുക്ക ഗ്രാമ പഞ്ചായത്തിലെ 30 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം , കൈരളി അമൃതം ഫുഡ് പ്രൊഡക്സ് അഡൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 26/072021-ന്,നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ 2,238 കിലോഗ്രാം അമൃതം ഫുഡ് പ്രൊഡക്സ് ന്യൂട്രിമിക്സ് വാങ്ങിയതിന്റെ തുകയായി 1,64,493 /- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.(അക്കൗണ്ട്നം.40451100007829,ബിൽ റഫറൻസ് നമ്പർ :21200252018700238355 തിയ്യതി:26.07.2021 ) സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ (കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന QUALITY ASSURANCE ന്റെ ISSAരജിസ്ട്രേഷൻ ഉള്ള ലാബുകളിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 സുഭിക്ഷകേരളം - തരിശ് നെൽകൃഷി (189/22)പദ്ധതി

കൃഷി ഓഫീസർ നിർവഹണം ചെയ്ത പദ്ധതിയുടെ നിർവഹണത്തിൽ, ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ പാലിക്കുന്നില്ല എന്ന് കണ്ടു.

1. കൃഷി നടത്തിയ സ്ഥലം കൃഷിയോഗ്യമായ തരിശ് നിലമാണെന്നും,കൃഷിക്ക് അനുയോജ്യമാണ് എന്നുമുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രമില്ല.

2. കൃഷി ഓഫീസറോ മറ്റ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനോ സ്ഥലപരിശോധന നടത്തിയതായി കാണുന്നില്ല

3. പാട്ടത്തിന് കൃഷി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുള്ള വിവിധ അപേക്ഷകളിൽ സ്ഥല ഉടമയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളില്ല.

4. വിവിധ ഗ്രൂപ്പുകൾ, പാട്ടത്തിന് സ്ഥലം എടുത്ത് കൃഷി ചെയ്യുന്നതായി സൂചിപ്പിച്ചിട്ടുള്ള ഏതാനും അപേക്ഷകളിൽ, സ്ഥല ഉടമക്ക് ആനുപാതികമായ ധനസഹായം നൽകുന്നതായി കാണുന്നില്ല.

അപാകതകൾ പരിഹരിച്ച് കാര്യക്ഷമമായ രീതിയിൽ പദ്ധതികൾ നിർവഹണം ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 1-29 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക ലഭ്യമാകാത്തതും പദ്ധതി ചെലവ് അധികമായി രേഖപ്പെടുത്തപ്പെട്ടതും

കൃഷി ഓഫീസർ നിർവഹണം ചെയ്ത സമഗ്ര കവുങ്ങ് കൃഷി വികസനം (43/22) എന്ന പദ്ധതി പ്രകാരം കവുങ്ങിന് ജൈവവളം വാങ്ങിയതിന് പഞ്ചായത്ത് പ്രദേശത്തെ 244 കർഷകർക്ക്, ആനുപാതികമായ സബ്സിഡി നൽകിയിട്ടുണ്ട്. ഇതിനായി വികസനഫണ്ടാണ്(ജനറൽ) വിനിയോഗിച്ചിട്ടുള്ളത്. BRN 21200252018601032898 / 29.01.2022 (₹ 3,14,777/-)പ്രകാരം SubTreasury, Kasaragod ൽ, 244 കർഷകരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബിൽ സമർപ്പിച്ചു. എന്നാൽ ഏതാനും കർഷകരുടെ അക്കൗണ്ടിൽ സബ്സിഡി ലഭിച്ചില്ല (06 കർഷകർക്ക് ₹ 12,271/-). സാംഖ്യ വെബിലെ, ഗുണഭോക്താവിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ട് സ്റ്റാറ്റസ് പ്രകാരം Retun To Government Account എന്നാണ് കാണിക്കുന്നത്. ശ്രീ.മൊഹമ്മദ് കാന്തനടുക്കയുടെ Payment Details ൽ 15012100404167 എന്ന അക്കൗണ്ടിൽ 5,909/- രൂപ ക്രെഡിറ്റ് ചെയ്തതുമായി ബന്ധപ്പെട്ട് UTR No (RBI0362292320486) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ലഭിച്ചിട്ടില്ല. ഈ കാര്യങ്ങൾ സൂചിപ്പിച്ച് കൃഷി ഓഫീസർ , കാസറഗോഡ് സബ് ട്രഷറി ഓഫീസർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും സബ്സിഡി തുക ഗുണഭോക്താവിന് ലഭിച്ചിട്ടില്ല. ബില്ലിനോടൊപ്പം സമർപ്പിച്ച പട്ടികയിലെ, ഈ 06 ഗുണഭോക്താക്കളുടെ പേര്,ബില്ലിലെ ക്രമ നം, സബ്സിഡി തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | ബില്ലിലെ ക്രമ നം | അക്കൗണ്ട് നം | തുക |
|---|---|---|---|---|
| 1 | മൊഹമ്മദ് കെ | 120 | 40596100000477 (KLGB) | 1826 |
| 2 | മൊഹമ്മദ് കാന്തനടുക്ക | 163 | 15012100404167(Dt.Co.Bank) | 5909 |
| 3 | കെ മോഹനൻ നായർ | 166 | 40529610000035193 (KLGB) | 456 |
| 4 | ബാവ | 213 | 4214220300108493(Canara) | 1826 |
| 5 | ചന്ദ്രൻ കെ | 229 | 40596100000717 (KLGB) | 456 |
| 6 | ആയിഷ | 242 | 34032201100001122(UBI) | 1798 |
| | ആകെ | | | 12,271 |

പദ്ധതിയുടെ ചെലവായി ₹ 3,14,777/- സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥ ചെലവ് ₹3,02,506/- (314777 – 12271) മാത്രമാണ്.

## 1-30 പശുവിതരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ

കാറഡുക്ക ഗ്രാമപഞ്ചായത്തിൽ, 2021-22 വർഷം, ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം ചെയ്ത രണ്ട് പ്രധാന പദ്ധതികളാണ് - വനിതകൾക്ക് കറവപശു വാങ്ങി നൽകൽ (പദ്ധതി നം - 28/22),

വനിതകൾക്കുള്ള പശു വാങ്ങൽ (പദ്ധതി നം - 181/22 സ്പിൽ ഓവർ).ഈ പദ്ധതി നടത്തിപ്പിൽ വിവിധങ്ങളായ അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖ. 3-1 ൽ ചേർത്തിരിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പശുവിതരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

കാറഡുക്ക ഗ്രാമപഞ്ചായത്തിൽ, 2021-22 വർഷം, ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം ചെയ്ത രണ്ട് പ്രധാന പദ്ധതികളാണ് - വനിതകൾക്ക് കറവപശു വാങ്ങി നൽകൽ (പദ്ധതി നം - 28/22), വനിതകൾക്കുള്ള പശു വാങ്ങൽ (പദ്ധതി നം - 181/22 സ്പിൽ ഓവർ) എന്നിവ .ഇതിൽ പദ്ധതി നം - 28/22ൽ, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 6,00,000/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നതിനെ തുടർന്ന്,06.06.2022 ലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 4(1) നമ്പർ തീരുമാന പ്രകാരം, ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാന്റെ നേതൃത്വത്തിൽ 07.06.2022 ന് ബ്ലോക്ക് പഞ്ചായത്ത് ഒരു അന്വേഷണ കമ്മറ്റി രൂപീകരിച്ച് പ്രാഥമികതല അന്വേഷണം നടത്തുകയും, ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് 24.06.2022 ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുണഭോക്താക്കളെയും സബ്സിഡി തുക ലഭിച്ചവരെയും നേരിൽ കണ്ടും കേട്ടും സമാഹരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അന്വേഷണ കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കിയത്. (പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട തുടരന്വേഷണങ്ങളിൽ, ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ, പദ്ധതി നടത്തിപ്പിൽ സാമ്പത്തിക തിരിമറികളും ക്രമക്കേടുകളും നടത്തിയതായി അന്വേഷണ സമിതി കണ്ടെത്തിയതിനെ തുടർന്ന് ഇദ്ദേഹത്തെ ജോലിയിൽ നിന്നും അന്വേഷണ വിധേയമായി സസ്പെൻറ് ചെയ്തതായ് അറിയുവാൻ കഴിഞ്ഞു.)

മുകളിൽ സൂചിപ്പിച്ച രണ്ട് പദ്ധതികളും ജനറൽ വിഭാഗത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. നിലവിലെ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം പശുവിനെ വാങ്ങുന്നതിന് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി തുക പരമാവധി ₹30,000/- അല്ലെങ്കിൽ വാങ്ങിയ വിലയുടെ 50% ആണ്. ഈ സബ്സിഡി തുക, ഗുണഭോക്താവിന് പശുവിനെ നൽകിയ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് വേണ്ടത്. പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) വനിതകൾക്ക് കറവപശു വാങ്ങി നൽകൽ (പദ്ധതി നം - 28/22)

ഫണ്ട് - 1) വികസനഫണ്ട് (ജ) – 3,00,000 /-

2) ബ്ലോക്ക് വിഹിതം - 6,00,000 /-

പല ഗുണഭോക്താക്കളും, മുഴുവൻ തുകയും നൽകി പശുവിനെ നേരിട്ട് വാങ്ങിയതായാണ് കാണുന്നത്. നിർവഹണ ഉദ്യോഗസ്ഥൻ ധനസഹായം ,പണമായി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുകയാണുണ്ടായത്. ഏതാനും കച്ചവടക്കാരുടെയും (പശു/കാലി), ക്ഷീരസംഘങ്ങളിലെ സെക്രട്ടറിമാരുടെയും മറ്റും ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക അയക്കുകയും ,അവരുടെ അക്കൗണ്ടിൽ നിന്ന് പിൻവലിച്ച പണം നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് കൈപ്പറ്റിയതുമായാണ് കാണുന്നത് ( അന്വേഷണ റിപ്പോർട്ടിനോടൊപ്പമുള്ള ഗുണഭോക്താക്കളുടെയും, സബ്സിഡി തുക

അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടവരുടെയും സത്യപ്രസ്താവന പ്രകാരം). കൂടാതെ പശു വാങ്ങിയ ഏതാനും ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാതിരിക്കുകയും, ധനസഹായം അനുവദിച്ചവർക്ക് അർഹമായ മുഴുവൻ തുകയും നൽകാതിരികയും ചെയ്തതായി കാണാം. ധനസഹായം ലഭിച്ച ഭൂരിഭാഗം ഗുണഭോക്താക്കൾക്കും, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി , തുക പണമായിട്ട് നൽകിയതായി കാണാം.

പശുക്കളെ ഇൻഷൂർ ചെയ്യുന്നതിനായി, മൃഗസംരക്ഷണ വകുപ്പിന്റെ ഗോസമൃദ്ധി, ഗോമിത്ര, Comprehensive Dairy Insurance Scheme (CDIS),ക്ഷീരസമൃദ്ധി (മിൽമ) തുടങ്ങിയ പദ്ധകളുടെ പ്രീമിയം അടച്ച രസീതുകളെ ( E Receipt From SBI) അപേക്ഷയോടൊപ്പം വച്ചിട്ടുള്ളൂ. പോളിസിയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. അതിനാൽ പോളിസി പ്രകാരം രേഖപ്പെടുത്തിയ മാർക്കറ്റ് വില എത്രയാണെന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല. പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകളും അനുബന്ധരേഖകളും, അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിപ്പണം ചെലവഴിച്ചതിലെ പ്രധാന അപാകതകൾ , ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക-1

| ക്രമ നം | ഗുണഭോക്താവ് , ഗുണഭോക്തൃ പട്ടികയിലെ ക്രമ നം. | പശുവിനെ വാങ്ങി / ഇല്ല | പശുവിന് കൊടുത്ത വില | ഇൻഷുറൻസ് വിവരങ്ങൾ | പദ്ധതി പ്രകാരമുള്ള ചെലവ് | സബ്സിഡി | | | ആകെ നഷ്ടം (ഫണ്ട് + സബ്സിഡി) |
|---|---|---|---|---|---|---|---|---|---|
| | | | | | | അർഹമായത് | ലഭിച്ചത് | കുറവ്/ അധികം/ അനർഹം | |
| I | BRN:2120025202380059 9585/02.11.21 : 2,70,000/- (വി.ഫ)<br>(Credited To I)Balakrishnan- 90,000/-, Ii)Narayanan - 90,000/-, Iii) MuhammedTS - 90,000/-) | | | | | | | | |
| 1 | പത്മാക്ഷി W/o:കുഞ്ഞിക്കണ്ണൻ നായർ, അയർക്കാട് (1) | വാങ്ങി | 60000 | പോളിസി ലഭ്യമാക്കി | 30000 | 30000 | 0 | 30000 (കുറവ്) | 0 + 30000 |
| 2 | സരോജിനി D/o:ചിരുദേയി, കനാക്കോട് (5) | വാങ്ങി | 60000 | പോളിസി ലഭ്യമാക്കി | 30000 | 30000 | 0 | 30000 (കുറവ്) | 0 + 30000 |
| 3 | ശ്രീജ എം W/o: നാരായണൻ, നാർളം (30) | വാങ്ങി | 60000 | പോളിസി ലഭ്യമാക്കിയില്ല | 30000 | 30000 | 28000 | 2000 (കുറവ്) | 0 + 2000 |
| 4 | ബേബി സി നായിക് (11) | വാങ്ങി | ഗുണഭോക്താവ്,ക്ഷീ രസാന്ത്വനം ഇൻഷു റൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്ക ന്നത് 17.03.2021 നാണ്. അതിനാൽ സബ്സിഡിക്ക് അർഹതയില്ല | | 30000 | 0 | 20000 | 20000 (അനർഹം) | 30000 + 20000 |
| 5 | ലളിത കെ, മൂടംകളം (25) | വാങ്ങി | 35000 | E Receipt* | 30000 | 17500 | 30000 | 12500 (അധികം) | 12500 + 12500 |
| 6 | സഫിയ W/o: ഹമീദ്, കൊളനൂർ (7) | വാങ്ങി | 60000 | E Receipt | 30000 | 30000 | 30000 | - | - |
| 7 | ഗൗരിക്കുട്ടി എം , കടപ്പ് (9) | വാങ്ങി | 60000 | E Receipt | 30000 | 30000 | 30000 | - | - |
| 8 | നിർമ്മല W/o: മണി, കർമ്മംതൊടി (21) | വാങ്ങി | 60000 | E Receipt | 30000 | 30000 | 20000 | 10000 (കുറവ്) | 0 + 10000 |
| 9 | സുശീല W/o: ഹാലൂജി റാവു, കോളിക്കജ (17) | ഇല്ല | - | E Receipt | 30000 | - | - | - | 30000 + 0 |
| II | BRN:2120025202380089 2372/05.01.22 : 30,000/- (വി.ഫ)<br>(Credited To I)Kunhikkannan Nair P- 30,000/- | | | | | | | | |
| 10 | ശ്രീദേവി കെ W/o:ചന്ദ്രൻ നായർ , ഗാന്ധിനഗർ (28) | വാങ്ങി | 60000 | പോളിസി ലഭ്യമാക്കി | 30000 | 30000 | 30000 (ബാങ്ക് | - | - |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | അക്കൗണ്ട് വഴി) | | |
| III | BRN:21200252023800829559/22.12.21 : 1,50,000/- (ബ്ലോക്ക് പഞ്ചായത്ത്)<br>(Credited To I)Balakrishnan- 30,000/-, Ii)Pramod – 60,000/-, Iii)Thamban M – 30,000/-, Annapoorneswary – 30,000/-) | | | | | | | | |
| 11 | ജാനകി W/o:കൊറഗപ്പ ഷെട്ടി (3) | വാങ്ങി | 60000 | E Receipt | 30000 | 30000 | 30000 | - | - |
| 12 | രമണി W/o: വിശ്വനാഥ പൂജാരി (22) | വാങ്ങി | 60000 | E Receipt | 30000 | 30000 | 30000 | - | - |
| 13 | മേച്ചമ്മ, പിണ്ടിക്കൈ (2) | വാങ്ങി | 60000 | E Receipt | 30000 | 30000 | 0 | 30000 (കുറവ്) | 0 + 30000 |
| 14 | ഭാഗീരഥി, W/o: നാരായണൻ, നെച്ചിപ്പടുപ്പ് (27) | വാങ്ങി | 60000 | E Receipt | 30000 | 30000 | 28000 | 2000 (കുറവ്) | 0 + 2000 |
| 15 | രാധ കെ, ചായിത്തലം (12) | വാങ്ങി | 55000 | E Receipt | 30000 | 27500 | 30000 | 2500 (അധികം) | 2500 + 2500 |
| IV | BRN:21200252023800897889/06.01.22 : 1,80,000/- (ബ്ലോക്ക് പഞ്ചായത്ത്)<br>(Credited To I)Kunhikkannan Nair- 30,000/-, Ii)Pramod – 60,000/-, Iii)Narayanan – 30,000/-, Manikandan – 60,000/-) | | | | | | | | |
| 16 | സൈനബ W/o: അബ്ദുൾ റഹിമാൻ (31) | വാങ്ങി | 50000 | E Receipt | 30000 | 25000 | 25000 | - | 5000 + 0 |
| 17 | നളിനി വി എന്ന രാധ വി (8) | വാങ്ങി | 60000 | E Receipt | 30000 | 30000 | 28000 | 2000 (കുറവ്) | 0 + 2000 |
| 18 | പ്രേമ W/o: ഗോപാലകൃഷ്ണ റൈ (20) | വാങ്ങി | 35000 | E Receipt | 30000 | 17500 | 20000 | 2500 (അധികം) | 12500 + 2500 |
| 19 | സാവിത്രി, കരിമ്പ് വളപ്പ് (18) | വാങ്ങി | 60000 | E Receipt | 30000 | 30000 | 30000 | - | - |
| 20 | രുഗ്മിണിയമ്മ,ആലന്തടുക്ക (4) | ഇല്ല | - | E Receipt | 30000 | - | - | - | 30000 + 0 |
| 21 | സുമതി, അരിത്തലം (32) | ഇല്ല | - | E Receipt | 30000 | - | - | - | 30000 + 0 |
| V | BRN:21200252023800897911/06.01.22 : 30,000/- (ബ്ലോക്ക് പഞ്ചായത്ത്)<br>(Credited To I)Thamban M- 30,000/-) | | | | | | | | |
| 22 | നബീസ , ബെടമൂല (6) | വാങ്ങി | 60000 | E Receipt | 30000 | 30000 | 30000 | - | - |
| VI | BRN:21200252023800947974/14.01.22 : 90,000/- (ബ്ലോക്ക് പഞ്ചായത്ത്)<br>(Credited To I)Thamban Mahammed C H- 90,000/-) | | | | | | | | |
| 23 | ലളിത വി, കിഴക്കേക്കര (14) | വാങ്ങി | 60000 | E Receipt | 30000 | 30000 | 22000 | 8000 (കുറവ്) | 0 + 8000 |
| 24 | പൂർണ്ണിമ ഡി കെ (37) | വാങ്ങി | 52000 | E Receipt | 30000 | 26000 | 30000 | 4000 (അധികം) | 4000 + 4000 |
| 25 | ദിവ്യശ്രീ നെച്ചിപ്പടുപ്പ് (35) | വാങ്ങി | 60000 | E Receipt | 30000 | 30000 | - | 30000 (കുറവ്) | 0 + 30000 |
| VII | BRN:21200252023800992369/22.01.22 : 1,50,000/- (ബ്ലോക്ക് പഞ്ചായത്ത്)<br>(Credited To I)Ahammed C H- 30,000/-, Ii)Pramod – 30,000/-, Iii)Balakrishnan – 30,000/-, Iv)Manikandan – 60,000/- , V) Thamban M -30,000/-) | | | | | | | | |
| 26 | രാജേശ്വരി, മല്ലവാര (13) | വാങ്ങി | 60000 | E Receipt | 30000 | 30000 | 30000 | - | - |
| 27 | സാവിത്രി സി, ചായിത്തലം (15) | വാങ്ങി | 60000 | E Receipt | 30000 | 30000 | 30000 | - | - |
| 28 | ഗീത സദാശിവൻ (29) | വാങ്ങി | 30000 | E Receipt | 30000 | 15000 | - | 15000 (കുറവ്) | 15000 + 15000 |
| 29 | പത്മാവതി, മിത്തൂർ (36) | വാങ്ങി | 60000 | പ്രൊപ്പോസൽ ഫോം മാത്രമേ ഹാജരാക്കിയുള്ളൂ | 30000 | 30000 | - | 30000 (കുറവ്) | 0 + 30000 |
| 30 | ശശികല , അടുക്കം (16) | ഇല്ല | - | | 30000 | - | - | - | 30000 + 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | 900000 | 698500 | | | 201500 + 230500 |

30 ഗുണഭോക്താക്കൾക്ക് പശുവിനെ വിതരണം ചെയ്ത ഈ പദ്ധതിയിലൂടെ 4,32,000/- (2,01,500 + 2,30,500) രൂപയുടെ ക്രമക്കേട് നടന്നതായി കാണാം.ഇതിൽ 2,01,500 രൂപയുടെ പദ്ധതിപണം നഷ്ടമായി.വിവിധ ഗുണഭോക്താക്കൾക്ക് 1,89,000 /- സബ്സിഡി നൽകിയിട്ടില്ല, ഏതാനം പേർക്കായി 21,500/- രൂപ സബ്സിഡിയിനത്തിൽ അധികം നൽകി, ഒരു ഗുണഭോക്താവിന് 20,000/- രൂപ സബ്സിഡി അനർഹമായി നൽകി. പദ്ധതിയിനത്തിൽ നഷ്ടപ്പെടുത്തിയ 2,01,500 /- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട സബ്സിഡിയും ക്രമീകരിക്കേണ്ടതാണ്.

ഈ പദ്ധതി സ്പിൽ ഓവറായി 2022-23 വർഷം നടപ്പിലാക്കുകയും (പ.നം.42/23), രത്ന,W/o:വിശ്വനാഥ റൈ, നെച്ചിപ്പടുപ്പ് (ക്രമ നം.29), ലക്ഷ്മി W/o: രാമചന്ദ്രൻ (ക്രമ നം.47), സുജാത, W/o:കൃഷ്ണൻ (ക്രമ നം.45) എന്നിവർക്ക് പശു വാങ്ങിയതായും കാണാം (BRN:22200252023800047033/25.04.22 : 90,000/- (വി.ഫ) (Credited To I)Pramod - 60,000/-, Ii)Balakrishnan - 30,000/-).

അന്വേഷണ റിപ്പോർട്ട് പ്രകാരം, ലക്ഷ്മി പശുവിനെ വാങ്ങിയില്ലെന്നും, സുജാത വാങ്ങിയ പശുവിന് (₹58,000/-) ധനസഹായം ലഭിച്ചില്ലെന്നും കാണാം. രത്നയ്ക്ക് 30,000/- ധനസഹായം (പണമായി) ലഭിച്ചിട്ടുണ്ട്.

മേൽ വസ്തുതകൾ കൂടി പരിശോധിച്ച്, ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് കൂടാതെ ഖണ്ഡികയുടെ അവസാനം പരാമർശിച്ചിട്ടുള്ള അപാകതകൾ കൂടി പരിഹരിക്കേണ്ടതാണ്. ഇവക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് വിധേയമായി 6,98,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) വനിതകൾക്കുള്ള പശു വാങ്ങൽ (പദ്ധതി നം - 181/22 സ്പിൽ ഓവർ)

2021-22 വർഷത്തിൽ, മുകളിൽ സൂചിപ്പിച്ച, 28/22 നമ്പർ പദ്ധതിയോടൊപ്പം , 181/22 നമ്പർ പദ്ധതിയും നിർവഹണം നടത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി പഞ്ചായത്തിന്റെ വികസനഫണ്ടിൽ (ജനറൽ) നിന്നും 5,00,000/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്ട്രക്ടർ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി നിർവഹണത്തിലും ഖണ്ഡികയിൽ മുമ്പെ സൂചിപ്പിച്ചതു പോലുള്ള അപാകതകൾ ആവർത്തിച്ചിട്ടുണ്ട്. 17 ഗുണഭോക്താക്കളാണ് പദ്ധതിയുടെ ഭാഗമായിട്ടുള്ളത്. പദ്ധതി ചെലവിന്റെയും ഗുണഭോക്താക്കളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക-2

<table>
<tr><th>ക്രമ നം</th><th colspan="2">ബിൽ റഫറൻസ് നം, തുക, ക്രെഡിറ്റ് ചെയ്ത അക്കൗണ്ടുകൾ</th><th colspan="2">ഗുണഭോക്താവ് , ഗുണഭോക്തൃ പട്ടികയിലെ ക്രമ നം.</th><th>റിമാർക്സ്</th></tr>
<tr><td rowspan="3">I</td><td rowspan="3">BRN:21200252023800285202 / 10.08.21 : 90,000/-</td><td rowspan="3">ബാലകൃഷ്ണൻ A/c No:40596100002214 (IFSC - KLGB0040596)</td><td>1</td><td>ധന്യശ്രീ W/o: വിജയൻ എം, മുള്ളേരിയ (11)</td><td rowspan="3">കുസുമ ആലന്തടുക്ക വാങ്ങിയ പശുവിന് , ഇൻഷ്വറൻസ് രേഖകൾ പ്രകാരം മാർക്കറ്റ് വാല്യൂ ₹ 45,000/- രൂപയാണ്.</td></tr>
<tr><td>2</td><td>കുസുമ ആലന്തടുക്ക (4)</td></tr>
<tr><td>3</td><td>നാരായണി കെ W/o: കരിയപ്പ മണിയാണി (13)</td></tr>
<tr><td>II</td><td>BRN:21200252023800318411</td><td>ദിവ്യശ്രീ A/c</td><td>4</td><td>ജയശ്രീ കെ</td><td>1.ദിവ്യശ്രീ</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | / 16.08.21 : 1,50,000/- | No:40596101041129 (IFSC – KLGB0040596) | | W/o: ഗുരുവായൂരപ്പ ഭട്ട് (23) | -പ്രോ.നം.28/22 ലെ 35-ാം നമ്പർ ഗുണഭോക്താവാണ്. 2. രത്ന നെച്ചിപ്പടുപ്പ് പ്രോ.നം.28/22 ലെ 39-ാം നമ്പർ ഗുണഭോക്താവാണ്. 2022-23 ലെ ഈ പദ്ധതിയുടെ സ്പിൽ ഓവർ പ്രോജക്ടിൽ (42/23), ഇവർക്ക് ധനസഹായം നൽകിയതായി കാണുന്നുണ്ട്. |
| | | | 5 | ഗൗരി കുവക്കല്ല് (16) | |
| | | | 6 | ഭാരതി വി W/o: കുമാരൻ നായർ (18) | |
| | | | 7 | രാജീവി പി, മല്ലവാര (06) | |
| | | | 8 | രത്ന നെച്ചിപ്പടുപ്പ് (29) | |
| III | BRN:21200252023800428031 / 20.09.21 : 90,000/- | ബാലകൃഷ്ണൻ A/c No:40596100002214 (IFSC – KLGB0040596) | 9 | കമലാക്ഷി W/o: മാലിംഗ മണിയാണി(L) (1) | ഭാഗീരഥി എന്നപേരിൽ രണ്ട് ഗുണഭോക്താക്ക ളാണ് ലിസ്റ്റിലുള്ളത് - ക്രമ നം.26,14. എന്നാൽ ഈ രണ്ട് ഗുണഭോക്താക്കളും പശുക്കൾ വേണ്ട എന്ന സത്യവാങ്മൂലം നിർവഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുള്ളതാണ്. |
| | | | 10 | ഭാഗീരഥി W/o:ഗോപാലൻ കെ, ഗാഡിഗുഡ്ഡെ | |
| | | | 11 | ബീഫാത്തിമ W/o: മൊയ്തീൻ കുഞ്ഞി, ശാസ്താംകോട് (15) | |
| IV | BRN:21200252023800489103 / 07.10.21 : 1,70,000/- | മുഹമ്മദ് ടി എസ് A/c No: 40413101043154 (IFSC – KLGB0040413) | 12 | വിദ്യാലത, മല്ലവാര (25) | ഗൗരിക്കുട്ടി , കട്ടപ്പ് -പ്രോ.നം.28/22 ലെ 17-ാം നമ്പർ ഗുണഭോക്താവാണ്. രണ്ട് പദ്ധതികളില്ലു മായി ഒരു പശുവിനെ മാത്രമെ ലഭിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്. |
| | | | 13 | ചിത്ര കെ കെ (27) | |
| | | | 14 | റഹ്മത്ത് നിസ ടി ആർ (22) | |
| | | | 15 | കവിത വി ആർ (02) | |
| | | | 16 | ഗൗരിക്കുട്ടി, കട്ടപ്പ് (17) | |
| | | | 17 | സരസമ്മ, കൊണാല (19) | |
| | ആകെ - 5,00,000 | | | | |

മേൽ പട്ടികയിൽ പരാമർശിച്ചതനുസരിച്ചുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുസുമ ആലന്തട്ക്ക വാങ്ങിയ 45,000/- രൂപയുടെ പശുവിന്, 60,000/- കാണിച്ചത് വഴി 7,500/- രൂപയുടെ (60000 – 45000 = 15,000/- രൂപയുടെ 50% തുക)നഷ്ടം പദ്ധതിയിനത്തിൽ ഉണ്ടായിട്ടുണ്ട്.

2. ഗുണഭോക്തൃ പട്ടികയിലെ ഭാഗീരഥി എന്ന പേരുള്ള രണ്ട് ഗുണഭോക്താക്കളും തങ്ങൾക്ക് ഇപ്പോൾ

പശുക്കളെ വാങ്ങാൻ കഴിയില്ലായെന്നും, ധനസഹായത്തിന് ഗുണഭോക്തൃ പട്ടികയിലെ തുടർന്നുള്ളവരെ പരിഗണിക്കാവുന്നതാണെന്നും അറിയിച്ച് സത്യവാങ്മൂലം നൽകിയിട്ടുള്ളതും , നിർവഹണ ഉദ്യോഗസ്ഥൻ പ്രസ്തുത അപേക്ഷ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഭാഗീരഥി, ഗാഡിഗ്ഗ്സ് എന്നവർക്ക് പശുവിനെ വാങ്ങിയതിന് 30,000/- ധനസഹായം നൽകിയതായി കാണുന്നു (ക്രമ നം.lll - BRN:212002520238004280З1 / 20.09.21 : 90,000/-).ഈ ചെലവ് അംഗീകരിക്കാവുന്നതല്ല. (പദ്ധതി നം. 28/22 പ്രകാരം ഭാഗീരഥി, W/o: നാരായണൻ, നെച്ചിപ്പട്ടപ്പ് (27) എന്നവർക്ക് പശു ലഭിച്ചിട്ടുള്ളതാണ് – പട്ടിക 1 ലെ ക്രമ നം.14)

3. ഗൗരിക്കുട്ടി, കട്ടപ്പ് എന്നവർ രണ്ട് പദ്ധതികളുടെയും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയും, രണ്ട് പദ്ധതികളിൽ നിന്നും ധനസഹായം ലഭിച്ചതായും (പട്ടിക 1 ലെ ക്രമ നം.07) കാണുന്നു (രണ്ട് പദ്ധതികളിൽ നിന്നായി 30,000 + 30,000 = 60,000). എന്നാൽ ഒരു പശുവിനെ മാത്രമേ വാങ്ങിയുള്ളൂവെന്നും അതിന്റെ ധനസഹായമേ ലഭിച്ചിട്ടുള്ളൂവെന്നും ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്. അതിനാൽ 30,000/- ചെലവ് അംഗീകരിക്കുന്നില്ല.

4. രത്ന നെച്ചിപ്പട്ടപ്പ് എന്ന ഗുണഭോക്താവിന് ഈ പദ്ധതി പ്രകാരവും , 2022-23 വർഷത്തെ 42/23 നമ്പർ പദ്ധതി പ്രകാരവും 30,000/- വീതം ധനസഹായം നൽകിയതായി കാണുന്നു. ആയത് പരിശോധിച്ച് ക്രമീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ക്രമ നം.1,2,3 എന്നിവയിൽ സൂചിപ്പിച്ചത് പ്രകാരം ഈ പദ്ധതിക്കായി വിനിയോഗിച്ച 67,500/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

കാറഡുക്ക പഞ്ചായത്തിൽ, 28/22, 181/22 എന്നീ സമാനമായ പദ്ധതികൾ ഒരേ സമയത്താണ് നിർവഹണം ചെയ്തിട്ടുള്ളത്. ഇതിൽ 28/22 പദ്ധതിയെപ്പറ്റി പരാതി ഉണ്ടായപ്പോൾ, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അന്വേഷണം നടത്തി അപാകതകൾ കണ്ടെത്തി. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ 181/22 പദ്ധതി സംബന്ധിച്ച് ഒരു അന്വേഷണവും പഞ്ചായത്ത് നടത്തിയതായി കാണുന്നില്ല. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റ് ആവശ്യപ്പെട്ട വിവരശേഖരണത്തോട് (ഒരോ ഗുണഭോക്താവിൽ നിന്നുമുള്ള സത്യവാങ്മൂലം ഉൾപ്പടെ), പഞ്ചായത്ത് അധികാരികളിൽ നിന്നും ഭരണാധികാരികളിൽ നിന്നും വേണ്ടത്ര പിന്തുണ ലഭിക്കുകയുണ്ടായില്ല. അതിനാൽ സബ്സിഡി തുക അർഹരായവർക്ക് ലഭിച്ചിട്ടുണ്ടോ, അത് പൂർണ്ണമായും നൽകിയോ തുടങ്ങിയ വസ്തുതകൾക്ക് വിശദാംശങ്ങൾ ലഭ്യമല്ല. ആയതിനാൽ 181/22 & 42/23 എന്നീ പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

കൂടാതെ ചുവടെ പരാമർശിച്ചിട്ടുള്ള അപാകതകൾ കൂടി പരിഹരിക്കേണ്ടതാണ്. ഇവക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് വിധേയമായി 4,32,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

28/22 & 181/22 എന്നീപദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച പർച്ചേസിങ് കമ്മറ്റി അംഗങ്ങളുടെ വിവരങ്ങൾ,

മിനിട്സ് ബുക്ക് എന്നിവ ലഭ്യമാക്കിയില്ല.

2. എല്ലാ ഗുണഭോക്താക്കളും പശുവിനെ വാങ്ങിയെന്ന് ഉറപ്പ് വരുത്താതെയാണ് ധനസഹായം

അനുവദിച്ചത്

3. എല്ലാ ഗുണഭോക്താക്കളും, പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളും, ഇയർ ടാഗ്

വ്യക്തമായി കാണാവുന്ന രീതിയിലുള്ള ഫോട്ടോകളും ലഭ്യമാക്കിയില്ല.

4. ഗുണഭോക്താക്കളുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.

മാത്രമല്ല കരാറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

5. മോണിട്ടറിങ് സമിതി നിർജ്ജീവമായിരുന്നതായി കാണുന്നു. മോണിട്ടറിങ് കാര്യക്ഷമമായി

നിർവഹിച്ചിരുന്നുവെങ്കിൽ,സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടവരുത്താതെ, പദ്ധതി ഗുണകരമായേനെ.

6. ഇൻഷ്വറൻസ് രേഖകൾ സമർപ്പിക്കാത്തതിനാലും, സബ്സിഡിയിനത്തിൽ അർഹരായവർക്ക് തുക പൂർണ്ണമായും ലഭിച്ചിരുന്നോ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ, യഥാർത്ഥ നഷ്ടം നിർണ്ണയിക്കുവാൻ സാധിച്ചില്ല.

(ഓഡിറ്റ് എൻക്വയറി -28 (തിയതി-13.01.2023))

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2021-22 | 6-1-2023 & 9-1-2023 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 210000 | പ്രൊ.നം.09/22 നെൽ കൃഷിക്ക് കൂലിചെലവ് | 210000 | 0 |
| | 2021-22 | 366286 | പ്രൊ.നം.11/22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 366286 | 0 |
| | 2021-22 | 600000 | പ്രൊ.നം.28/22 വനിതകൾക്ക് കറവപശു വാങ്ങി നൽകൽ | 600000 | 0 |
| | 2021-22 | 200000 | പ്രൊ.നം.25/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | പ്രൊ.നം.186/22 പാലിയേറ്റീവ് കെയർ | 100000 | 0 |
| | 2021-22 | 314000 | പ്രൊ.നം.11/22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 314000 | 0 |
| | 2021-22 | 32400 | പ്രൊ.നം.177/22ലൈഫ് ഭവനം പട്ടിക വർഗ്ഗം | 32400 | 0 |
| | 2021-22 | 50000 | പ്രൊ.നം.25/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

### 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 2278/2018/തസ്വഭവ, തിയതി 18-08-2018 | 21244174 | 17753507+ 880000 (ഈ വർഷം ലഭിച്ചത്) ആകെ = 18633507 | 2141333 | 16492174 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 (Plan) | 12 | 2003-04 | 3-14-3-3 | പശുവിതരണം അധിക സബ്സിഡി അനുവദിച്ചത് | ഈ മൂന്ന് പരാമർശങ്ങളും 2004-05 സമാഹൃതത്തിൽ ഉൾപ്പെടുകയും സമിതി നിർദ്ദേശപ്രകാരം (2011-14<br>12 മത് റിപ്പോർട്ട്- LFAC 2011-14 12 മത് റിപ്പോർട്ട് ഖ.265) ഈ ഓഫീസിൽ നിന്നും തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഇവ 2003-04 സമാഹൃത റിപ്പോർട്ടിൽ നിന്നും ഒഴിവാക്കി ഹെഡ്ഡോഫീസിൽ നിന്നും ഉത്തരവ് വന്നിട്ടില്ല<br>നിയമസഭാ സമിതി |
| 1999-00 (Plan) | 20 | 2003-04 | 3-14-3-4 | പശുവിതരണം അധിക സബ്സിഡി അനുവദിച്ചത് | |

| | | | | | |
|---|---|---|---|---|---|
| | | | | | (2021-23), 02.09.2021 ന് സിറ്റിംഗ് നടത്തി. 24.8.2021 ന് എം.ഐ.പി സമർപ്പിച്ചു. പരാമർശങ്ങൾ 2003-04 സമാഹ്യത റിപ്പോർട്ടിൽ നിന്നും ഒഴിവാക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട്. |
| 2000-01 (Plan) | 13 | 2003-04 | 3-14-3-5 | നേന്ത്ര വാഴകൃഷി അധിക സബ്സിഡി അനുവദിച്ചത് | |
| 2000-01 (Plan) | 15 | 2003-04 | 3-14-3-6 | V C Bപ്രവൃത്തി മുൻകൂർനല്കിയ തുക ക്രമീകരിക്കാത്തത് | തുക തിരികെ ഒടുക്കി .വിവരം ഹെഡ്ഓഫീസിനെ 9-11-2015ന് അറിയിച്ചിട്ടുണ്ട്. നിയമസഭാ സമിതി (2021-23), 02.09.2021 ന് സിറ്റിംഗ് നടത്തി. 24.8.2021ന് എം.ഐ.പി സമർപ്പിച്ചു. പരാമർശം ഒഴിവാക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട്. |
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും അവലോകനം | - | 2013-14 | 5.2.4.7 (പേജ് 109) | സ്കൂളുകളിൽ കുടിവെള്ള ക്ഷാമം (കുണ്ടാർ AUPS, MGLC, ബഡ്സ് സ്കൂൾ) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| -ടി- | - | 2013-14 | 5.2.4.12 (പേജ്.116) | സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബില്ല.കുണ്ടാർ AUPS, SGAALP മുള്ളേരിയ) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2014-15 | 2-5 | 2016-17 | അധ്യായം 1 അനുബന്ധം 3 | വസ്തു നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2014-15 | 2-1 | 2016-17 | അധ്യായം 2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2015-16 | 2-4 | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1-23 | 2020-21 | 1-2-13 | പി.എച്ച്.സിയിലേയ്ക്ക് ഹെമറ്റോളജി അനലൈസർ വാങ്ങിയത് അപാകത | മറുപടി ലഭ്യമായിട്ടില്ല. |

## 4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാൻ അവശേഷിക്കുന്ന തുക –

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക/ തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2014-15 | ഖ.3-5(1) Part | എം.എൻ. വിശ്വനാഥൻ (AE ) | KSA.9802/ Spl.cell/ Csc/ C2/2017 Dt.11.3.19 | ₹3,557 | - | - | - | - | - | 3,557 | തുക ഒടുക്കിയിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,38,61,184 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹7,79,79,036 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,69,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹22,64,053/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1എ | ഇല്ല | 2,01,500 | ബിനുമോൻ എം, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-1ബി | ഇല്ല | 67,500 | ബിനുമോൻ എം, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | | 2,69,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1,79,460/- | ജയരാജൻ ബി ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 1,14,000/- | പ്രേമലത കെ , സെക്രട്ടറി |
| 1-22 | 1,45,000/- | പ്രേമലത കെ , സെക്രട്ടറി |
| 1-23 | 1,44,593 | പ്രേമലത കെ , സെക്രട്ടറി |
| 1-26 | 5,50,000 | പ്രേമലത കെ , സെക്രട്ടറി |
| 3-1എ | 6,98,500 | ബിനുമോൻ എം, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-1ബി | 4,32,500 | ബിനുമോൻ എം, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | ₹22,64,053/ - | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 3-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിനുമോൻ പി, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് | പുത്തൻപുരയിൽ, പണ്ടാരത്തുരുത്ത്, ചെറയഴീക്കൽ പി ഒ, കരുനാഗപ്പള്ളി, കൊല്ലം 690573 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1993-94 മുതൽ 1995-96 വരെ | KSAKSD7/471/22 Dated 19.08.2022 | 4 |
| 1997-98 | KSAKSD7/471/22 (1) Dated 19.08.2022 | 2 |
| 1999-2000 Plan | KSAKSD7/523/2019(15) Dated 14.06.2019 | 4 |
| 1999-2000 Final | KSAKSD7/471/22 (2) Dated 19.08.2022 | 2 |

| | | |
|---|---|---|
| 2000-01 | KSAKSD7/471/22 (3) Dated 19.08.2022 | 3 |
| 2001-02 | KSAKSD7/873/22 (1) Dated 29.09.2022 | 1 |
| 2003-04 | KSAKSD7/873/22 (3) Dated 29.09.2022 | 4 |
| 2004-05 | KSAKSD7/873/22 (4) Dated 29.09.2022 | 3 |
| 2005-06 | KSAKSD7/873/22 (5) Dated 29.09.2022 | 2 |
| 2006-07 | KSAKSD7/873/22 (6) Dated 29.09.2022 | 2 |
| 2007-08 | KSAKSD7/471/22 (5) Dated 19.08.2022 | 9 |
| 2008-09 | KSAKSD7/471/22 (6) Dated 19.08.2022 | 1 |
| 2009-10 | KSAKSD7/471/22 (7) Dated 19.08.2022 | 1 |
| 2010-11 | LFKSD4/324/12 Dated10.01.2013 | 15 |
| 2011-12 | KSAKSD7/873/22 (7) Dated 29.09.2022 | 11 |
| 2012-13 & 2013-14 | KSAKSD7/873/22 (8) Dated 29.09.2022 | 7 |
| 2014-15 | KSAKSD7/873/22 (9) Dated 29.09.2022 | 9 |
| 2015-16 | KSAKSD7/873/22 (10) Dated 29.09.2022 | 10 |
| 2016-17 | KSA/KSD7/64/2022 Dated 19.08.2022 | 1 |
| 2017-18 | KSA/KSD7/63/2022 Dated 19.08.2022 | 13 |
| 2018-19 | KSA/KSD7/65/2022 Dated 19.08.2022 | 8 |
| 2019-20 | KSAKSD7/873/22 (11) Dated 29.09.2022 | 17 |
| 2020-21 | KSAKSD7/873/22 (12) Dated 29.09.2022 | 22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Karadka Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4478989.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 369179.00 |
| 140000000 | Fee & User Charges | I-4 | 500814.00 |
| 150000000 | Sale & Hire Charges | I-5 | 288543.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 153250246.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 495679.00 |
| 180000000 | Other Income | I-9 | 442.00 |
| 190000000 | Prior Period Income | I-19 | 18655.00 |
| | Total Income | | 159383892.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12272853.00 |
| 220000000 | Administrative Expenses | I-11 | 574131.00 |
| 230000000 | Operations & Maintenance | I-12 | 1927477.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 1363.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4996483.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 30776567.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 10443969.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 50608072.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 45412400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 312002.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 157355317.00 |
| | Gross Surplus / Deficit of income over Expenditure | | 2028575.00 |
| | Gross Surplus / Deficit of income over Expenditure | | 1902500.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -144730.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -126075.00 |

അനുബന്ധം 4

## റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Karadka Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23892047.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1251761.00 |
| 140000000 | Fees & User Charges | RP-4 | 349584.00 |
| 150000000 | Sale & Hire Charges | RP-5 | 288543.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46910391.00 |
| 171000000 | Interest Earned | RP-9 | 495679.00 |
| 190000000 | Prior Period Income | RP-11 | 45919.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 1440.00 |
| 311000000 | Earmarked Funds | RP-28 | 500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13382646.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9606119.00 |
| 460000000 | Loans, Advances and Deposits | RP-49 | 28792.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 442.00 |
| 330000000 | Secured Loans | RP-31 | 880000.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-33 | 321696.00 |
| 350000000 | Other Liabilities | RP-35 | 297672.00 |
| | Grand total | | 97753231.00 |
| | PAYMENTS | | |
| | Operating | | |
| 190000000 | Prior Period Income | RP-11 | -19200.00 |
| 210000000 | Establishment Expenses | RP-12 | 2444338.00 |
| 220000000 | Administrative Expenses | RP-13 | 159816.00 |
| 230000000 | Operations & Maintenance | RP-14 | 239481.00 |
| 240000000 | Interest & Finance Charges | RP-15 | 143.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 7002993.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 16753568.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 10110369.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 16460.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 11477.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | -125090.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1325371.00 |
| 412000000 | Capital Work In Progress | RP-39 | 1334857.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 3050040.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 92395.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7248722.00 |
| 460000000 | Loans, Advances and Deposits | RP-49 | 1153007.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 340000000 | Deposits Received | RP-33 | 14500.00 |
| 350000000 | Other Liabilities | RP-35 | 26886494.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 279295.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19596948.00 |
| Cash | Cash | RP-40(b) | 177247.00 |
| | Grand Total | | 97753231.00 |

## അനുബന്ധം 5

## ബാലൻസ് ഷീറ്റ്

| Karadka Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 7391840.10 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 500.00 |
| 312000000 | Reserves | B-3 | 42653214.00 |
| | Total Reserve & Surplus | | 50045554.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15405145.00 |

| | | | |
|---|---|---|---|
| | Total Grants, Contributions for Specific Purposes | | 15405145.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 16492174.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 16492174.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 430800.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1416668.10 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1847468.10 |
| | TOTAL LIABILITIES | | 83790341.20 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 0.0 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1125340.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 14349829.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 58032274.00 |
| 416000000 | Accumulated Depreciation | B-11(a) | -35562167.00 |
| | Total Fixed Assets | | 37945276.00 |
| | Investments | | |

| | | | |
|---|---|---|---|
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7422571.20 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 16492174.00 |
| 450000000 | Cash and Bank Balance | B-17 | 19774195.00 |
| 460000000 | Loans, Advances and Deposits | B-18 | 2156125.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 45845065.20 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 83790341.20 |